# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

**www.ksad.kerala.gov.in**

## ചെറുവത്തൂർ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

**2022-2023**

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**
**ജില്ലാ ഓഡിറ്റ് കാര്യാലയം**
**കാസറഗോഡ്-671123**

**ഇ-മെയിൽ: doksd.ksad@kerala.gov.in**

**ഫോൺ : 04994-256690**

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ)-കെ.എസ്.ഡി 10/898/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കാസറഗോഡ്-671123
തീയ്യതി: 27/12/2023
ഇ-മെയിൽ: doksd.ksad@kerala.gov.in
ഫോൺ: 04994-256690

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ചെറുവത്തൂർ ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : ചെറുവത്തൂർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ചെറുവത്തൂർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:
1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കാസർഗോഡ്.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ-കെ.എസ്.ഡി 10/898/2023 തീയ്യതി: 27/12/2023

## കാസർഗോഡ് ജില്ലയിലെ ചെറുവത്തൂർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13** , **1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18**, (**1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കാസർഗോഡ് ജില്ലയിലെ ചെറുവത്തൂർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2022 മുതൽ 31-03-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 16 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 4 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.രേഖ.ആർ | ഡെപ്യൂട്ടി ഡയറക്ടർ | 16-12-2023 | 23-12-2023 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 16-12-2023 | 23-12-2023 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

ശ്രീ.വിനോദ് കുമാർ.സി, ഓഡിറ്റ് ഓഫീസർ
ശ്രീ.രഘുനാഥൻ.കെ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ.സുനിൽകുമാർ.എം, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ.സുധീഷ്.എൻ.കെ, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി.ബിന്ദു.വി.വി, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.പ്രമീള.സി.വി | പ്രസിഡന്റ് | 01-04-2022 | 31-03-2023 |
| ശ്രീ.മനോജ്കുമാർ.എ.കെ | സെക്രട്ടറി | 01-04-2022 | 10-10-2022 |
| ശ്രീ.വിനയരാജ്.കെ.വി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 11-10-2022 | 11-01-2023 |
| ശ്രീ.വിനോദൻ.കെ.കെ | സെക്രട്ടറി | 12-01-2023 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.സജീന്ദ്രൻ പുതിയപുരയിൽ | അസിസന്റ് സെക്രട്ടറി | 01-04-2022 | 03-04-2022 |
| ശ്രീ.വിനയരാജ്.കെ.വി | അസിസ്റ്റന്റ് സെക്രട്ടറി | 04-04-2022 | 31-03-2023 |
| ശ്രീ.രമേശൻ കുറുവാട്ടിൽ | അസിസ്റ്റന്റ് എഞ്ചിനിയർ | 01-04-2022 | 31-03-2023 |
| ശ്രീമതി.ധന്യ | കൃഷി ഓഫീസർ | 01-04-2022 | 09-08-2022 |
| ശ്രീമതി.നിഷ.ജി | കൃഷി ഓഫീസർ | 10-08-2022 | 31-03-2023 |
| ശ്രീമതി.ലത.പി | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-04-2022 | 21-04-2022 |
| ശ്രീമതി.സൗമ്യ.ബി.കെ | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 22-04-2022 | 31-03-2023 |
| ശ്രീ.സുരേന്ദ്രൻ.കെ.വി | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ(കുട്ടമത്ത് സർക്കിൾ) | 01-04-2022 | 21-11-2022 |
| ശ്രീ.രാജേഷ്.പി.വി | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (കുട്ടമത്ത് സർക്കിൾ) | 22-11-2022 | 31-03-2023 |
| ഡോ.സ്മിത സെബാസ്റ്റ്യൻ | വെറ്റിനറി സർജൻ | 01-04-2022 | 31-03-2023 |
| ഡോ.പ്രവീൺകുമാർ | മെഡിക്കൽ ഓഫീസർ (അലോപ്പതി) | 01-04-2022 | 31-03-2023 |
| ഡോ.പ്രിയ.കെ | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 01-04-2022 | 31-03-2023 |
| ഡോ.മുജീബ് റഹ്മാൻ | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2022 | 31-03-2023 |
| ശ്രീമതി.രമ്യ.കെ | ഡയറി ഫാം ഇൻസ്പെക്ടർ | 01-04-2022 | 31-03-2023 |
| ശ്രീ.പോൾ.എം.എഫ് | ഫിഷറീസ് സബ് ഇൻസ്പെക്ടർ | 01-04-2022 | 31-12-2022 |
| ശ്രീ.സുഭാഷ്.സി.എൽ | ഫിഷറീസ് സബ് ഇൻസ്പെക്ടർ | 01-01-2023 | 02-02-2023 |
| ശ്രീമതി.ഐശ്വര്യ.എസ് | ഫിഷറീസ് സബ് ഇൻസ്പെക്ടർ | 03-02-2023 | 31-03-2023 |
| ശ്രീമതി.ശോഭ.കെ | പ്രധാനാധ്യാപിക | 01-04-2022 | 31-03-2023 |
| ശ്രീമതി.ഉഷ.കെവി | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ(ചെറുവത്തൂർ സർക്കിൾ) | 01-04-2022 | 31-03-2023 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള റേഷ്യോസ് വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല. | 1-1-1 |
| 3 | വരുമാനങ്ങളുടെ അക്രൂവൽ രേഖപ്പെടുത്തുന്നതിൽ വലിയ കാലതാമസം. | 1-1-2 |
| 4 | ഡിപ്രിസിയേഷൻ കണക്കാക്കിയതിന്റെ രേഖകൾ ലഭ്യമല്ല. | 1-1-3 |
| 5 | പ്രത്യേക ആവശ്യ ഫണ്ടുകളായ ദുരിതാശ്വാസനിധി- CFC അക്കൗണ്ടുകളിലെ വ്യത്യാസം | 1-1-4 |
| 6 | എ.സി.ആർ - വാർഷിക ധനകാര്യ പത്രിക പൊരുത്തപ്പെടുന്നില്ല. | 1-1-5 |
| 7 | ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. | 1-1-6 |
| 8 | കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ, നിരതദ്രവ്യം എന്നിവ തനത് ഫണ്ടിലേക്ക് മുതൽകൂട്ടിയില്ല. | 1-1-7 |
| 9 | മറ്റ് സ്ഥിരം ആസ്തികൾ - ഡിപ്രീസിയേഷൻ ആസ്തിയേക്കാൾ അധികരിച്ചിരിക്കുന്നു. | 1-1-8 |
| 10 | ക്യാഷ് ഫ്ലോ പത്രിക പൊരുത്തപ്പെടുന്നില്ല | 1-1-9 |
| 11 | Secured ലോൺ അക്കൗണ്ടിംഗിലെ അപാകത. | 1-1-10 |
| 12 | ലൈഫ് മിഷൻ സംസ്ഥാന വിഹിതത്തിന്റെ കണക്കുകളിലെ അപാകങ്ങൾ | 1-1-11 |
| 13 | ബാലൻസ്ഷീറ്റിൽ നെഗറ്റീവ് എൻട്രി കാണിക്കുന്നു. | 1-1-12 |
| 14 | National Health Mission ഫണ്ട് തെറ്റായ കണക്കിൽ രേഖപ്പെടുത്തി. | 1-1-13 |
| 15 | ശുചിത്വമിഷൻ ഗ്രാന്റിൽ നിന്നുള്ള ചെലവ് കൂടുതൽ രേഖപ്പെടുത്തി | 1-1-14 |
| 16 | RP-40(b) ക്യാഷ് & ബാങ്ക് ബാലൻസിലെ അപാകത | 1-1-15 |
| 17 | അഡ്വാൻസ് രജിസ്റ്റർ കാലികമാക്കിയിട്ടില്ല. | 1-1-16 |
| 18 | വിവിധ ആസ്തി ബാദ്ധ്യതകളുടെ വിശദവിവരങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. | 1-1-17 |
| 19 | ബജറ്റ് | 1-2 |
| 20 | സാമ്പത്തിക വിശകലനം | 1-3 |
| 21 | ഗ്രാന്റ് വിനിയോഗം | 1-4 |
| 22 | പദ്ധതി അവലോകനം | 1-5 |
| 23 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 24 | ക്ഷേമപദ്ധതികൾക്കായി തൻവർഷം വിനിയോഗിച്ച തുകയുടെ വിശദാംശം | 1-7 |
| 25 | ക്യാഷ് വെരിഫിക്കേഷൻ | 1-8 |
| 26 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 27 | തനതുവരുമാനം-അവലോകനം | 1-10 |
| 28 | തൊഴിൽ നികുതി - അപാകതകൾ | 1-11 |
| 29 | ലൈസൻസ് ഫീ - അപാകതകൾ | 1-12 |
| 30 | അതിദരിദ്ര കുടുംബങ്ങൾക്ക് വീൽചെയർ വാങ്ങൽ പദ്ധതി - മുൻകൂർ തുക നൽകിയിട്ടും വീൽചെയർ ലഭ്യമാക്കിയിട്ടില്ല. | 1-13 |
| 31 | പാലിയേറ്റീവ് കെയർ പദ്ധതി - ചെലവ് രേഖകൾ പരിശോധനയ്ക്കായി ഹാജരാക്കിയില്ല. | 1-14 |
| 32 | ലൈഫ് ഭവന പദ്ധതി - യൂണിറ്റ് കോസ്റ്റിൽ അധികരിച്ച് ഗുണഭോക്താവിന് 68,131/- രൂപ നൽകി. | 1-15 |
| 33 | ഹോമിയോ ഡിസ്പൻസറിക്ക് മരുന്ന് വാങ്ങൽ - തുക മുൻകൂറായി നൽകിയിട്ടും മുഴുവൻ മരുന്നുകളും ലഭ്യമാക്കിയിട്ടില്ല. | 1-16 |

| | | |
|---|---|---|
| 34 | തെരുവുവിളക്കുകളുടെ എ്.എം.സി-പദ്ധതി നടത്തിപ്പിലെ അപാകത. | 1-17 |
| 35 | കേരള വാട്ടർ അതോറിറ്റിക്ക് കുടിവെള്ള ചാർജ്ജ് - വികസന ഫണ്ടിൽ നിന്നും ധനകാര്യ കമ്മീഷൻ ഗ്രാന്റിൽ നിന്നും അനുവദിച്ചത് -അപാകത. | 1-18 |
| 36 | ക്ലീൻ കേരള കമ്പനി- അജൈവ മാലിന്യങ്ങൾ നീക്കം ചെയ്യൽ- എം സി എഫിൽ നിന്നുള്ള നിഷ്ക്രീയ മാലിന്യം സംസ്ക്കരണ സ്ഥലത്തേക്ക് കൊണ്ടുപോകൽ – ജി എസ് ടി ഈടാക്കുന്നു. | 1-19 |
| 37 | മുഴക്കീൽ ഇരട്ടപ്പുഴ ഡ്രൈനേജും ഫൂട്ട് പാത്ത് നിർമ്മാണവും - DSR, MoRD സ്പെസിഫിക്കേഷൻ പ്രകാരം എസ്റ്റിമേറ്റ് തയ്യാറാക്കി-അപാകത. | 1-20 |
| 38 | തൊഴിലുറപ്പ് പദ്ധതി മെറ്റീരിയൽ വാങ്ങിയത്- കരാറുകാരിൽ നിന്നും നികുതികൾ ഈടാക്കിയിട്ടില്ല. | 1-21 |
| 39 | പദ്ധതികൾക്കായി ചെലവഴിച്ച തുകകൾ സുലേഖ ചെലവ് പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല. | 1-22 |
| 40 | തൃക്കരിപ്പൂർ താലൂക്ക് ആശുപത്രി ഡയാലിസിസ് സെന്റർ വിഹിതം നല്കിയത് - വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല. | 1-23 |
| 41 | ഞങ്ങളും കൃഷിയിലേക്ക് -വാഴ കൃഷി വികസന പദ്ധതി-വാഴക്കന്ന് വിതരണം-അപാകത | 1-24 |
| 42 | പട്ടികജാതി വയോജനങ്ങൾക്ക് കട്ടിൽ വാങ്ങി നൽകൽ പദ്ധതി | 1-25 |
| 43 | കുടിവെള്ളം വിതരണം ചെയ്തത് - ഗുണനിലവാര പരിശോധന നടത്തിയ രേഖകൾ ഹാജരാക്കിയിട്ടില്ല. | 1-26 |
| 44 | പമ്പ് ഹൗസ് മാറ്റി സ്ഥാപിക്കൽ- മുൻകൂർ നൽകിയത് ക്രമീകരിച്ച രേഖകൾ ഹാജരാക്കിയിട്ടില്ല. | 1-27 |
| **ഭാഗം 2** | | |
| --- No Records Found --- | | |
| **ഭാഗം 3** | | |
| --- No Records Found --- | | |
| **ഭാഗം 4** | | |
| 1 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നല്കിയതിന്റെ വിവരം | 4-1 |
| 2 | സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് ക്രമീകരിക്കുവാൻ അവശേഷിക്കുന്നത് | 4-4 |
| 5 | വായ്പാ/വായ്പാ തിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപങ്ങൾ | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം | 4-8 |
| 9 | ചാർജ്ജ് /സർചാർജ്ജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് | |
| 4 | റസീപ്റ്റ് & പേയ്മെന്റ് | |
| 5 | ബാലൻസ് ഷീറ്റ് | |

## ഭാഗം -1
## പൊതു അവലോകനം

### 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1) കേരള പഞ്ചായത്ത് രാജ് ആക്ട് 1994ലെ സക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ്/ കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് 22.7.2023 ലെ കമ്മിറ്റി തീരുമാനം 3/23 പ്രകാരം തയ്യാറാക്കി 01.08.2023 തീയതിയിൽ പിന്തുണക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള ചെറുവത്തൂർ ഗ്രാമ പഞ്ചായത്തിന്റെ മാർച്ച് 2023 ൽ അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2023 തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2) C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3) എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

### വിശേഷണങ്ങളോടു കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, ചെറുവത്തൂർ ഗ്രാമ പഞ്ചായത്തിന്റെ 2022-23 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തേക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

കാസറഗോഡ്,

27.12.2023.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കാസറഗോഡ്.

### 1-1-1 അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള റേഷ്യോസ് വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല.

2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 62(എഫ്) പ്രകാരമുള്ള അടിസ്ഥാന അനുപാതങ്ങൾ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

### 1-1-2 വരുമാനങ്ങളുടെ അക്രൂവൽ രേഖപ്പെടുത്തുന്നതിൽ വലിയ കാലതാമസം.

കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 17 (2) പ്രകാരം അക്രൂവൽ അടിസ്ഥാനത്തിൽ അക്കൗണ്ട് ചെയ്യേണ്ട വരുമാനങ്ങളുടെ ഡിമാന്റ്, ഡിമാന്റുകളിലും അഡ്ജസ്റ്റ്മെന്റുകളിലും വരുത്തേണ്ട മാറ്റങ്ങൾ, തിരിച്ചു നൽകൽ, കുറവ് വരുത്തൽ, എഴുതി

തള്ളൽ എന്നിവ സംബന്ധിച്ചും പിരിവിന്റെ വിശദാംശങ്ങൾ സംബന്ധിച്ചും പ്രതിമാസ സ്റ്റേറ്റ്മെന്റുകൾ സെക്രട്ടറി തയ്യാറാക്കിക്കേണ്ടതും ഇവയുടെ അടിസ്ഥാനത്തിൽ പുസ്തകങ്ങളിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തേണ്ടതുമാണ്. എന്നാൽ പഞ്ചായത്തിൽ ഈ ചട്ടം പാലിച്ചിട്ടില്ല. അക്രൂവൽ അടിസ്ഥാനത്തിൽ വരുമാനം രേഖപ്പെടുത്തേണ്ട വസ്തുനികുതി, വാടക, ലൈസൻസ് ഫീസ്, വ്യാപാരികളിൽ നിന്നുമുള്ള തൊഴിൽ നികുതി എന്നീയിനങ്ങളുടെ അക്രൂവൽ വരുമാനം രേഖപ്പെടുത്തിയിട്ടുള്ളത് വർഷാവസാന ദിനമായ 2023 മാർച്ച് 31 ന് മാത്രമാണ്.

**1-1-3 ഡിപ്രിസിയേഷൻ കണക്കാക്കിയതിന്റെ രേഖകൾ ലഭ്യമല്ല.**

തൻവർഷത്തെ ഡിപ്രിസിയേഷൻ കണക്കാക്കിയതിന്റെ രേഖകൾ ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ഷെഡ്യൂൾ B-11 (A) പ്രകാരമുള്ള ഡിപ്രിസിയേഷൻ തുകകളുടെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

**1-1-4 പ്രത്യേക ആവശ്യ ഫണ്ടുകളായ ദുരിതാശ്വാസനിധി- CFC അക്കൗണ്ടുകളിലെ വ്യത്യാസം**

A). ദുരിതാശ്വാസനിധി അക്കൗണ്ടിൽ (നം.1001014417- Cheruvathur Farmers Co-Operative Bank)- ൽ നീക്കിയിരിപ്പു തുക ബാലൻസ്ഷീറ്റ് ഷെഡ്യൂൾ B-17 പ്രകാരം 5,487 രൂപയാണ്. എന്നാൽ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ B-2 പ്രകാരം ആയത് 7,986 രൂപയാണ്.

B). ധനകാര്യ കമ്മീഷൻ ഗ്രാന്റിന്റെ ബാങ്ക് അക്കൗണ്ടിൽ 31.3.2023-ന് 16,84,269 രൂപ ബാലൻസായുണ്ട്, എന്നാൽ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-4 പ്രകാരം 320200104 Development Fund - Central Finance Commission Grant - Basic Tax Grant ഇനത്തിൽ 6,29,483 രൂപയും, 320200113 Development Fund - Central Finance Commission Grant – Tied Fund ഇനത്തിൽ 3,77,787 രൂപയുമടക്കം ആകെ 10,07,270 ( 6,29,483 + 3,77,787 ) രൂപ മാത്രമാണുള്ളത്.

**1-1-5 എ.സി.ആർ - വാർഷിക ധനകാര്യ പത്രിക പൊരുത്തപ്പെടുന്നില്ല.**

2022-23 വർഷത്തെ എ.സി.ആർ പ്രകാരവും വാർഷിക ധനകാര്യപത്രിക പ്രകാരവുമുള്ള തുകയിൽ ചുവടെ പറയുന്ന വ്യത്യാസമുണ്ട്.

| ഇനം | എ.സി.ആർ പ്രകാരം ചെലവ് | വാർഷികധനകാര്യ പത്രിക പ്രകാരം ചെലവ്. (സ്രോതസ്സിൽ നിന്നും ഈടാക്കിയ തുക കൂടാതെ) | വ്യത്യാസം |
|---|---|---|---|
| വികസനഫണ്ട് SCP | 33,59,169 | 27,58,564 | 6,00,605 |

**1-1-6 ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.**

26.07.2011-ലെ ജി.ഒ (എം.എസ്) 152/2011-ലെ നിർദ്ദേശങ്ങൾക്കനുസൃതമായി പഞ്ചായത്ത് ആസ്തികളുടെ മൂല്യനിർണ്ണയം നടത്തി ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല. സുസ്ഥിര ആസ്തി, ഉൽപാദന മേഖല ആസ്തി, സേവന മേഖല ആസ്തി, ഇൻഫ്രാസ്ട്രക്ചർ ആസ്തി, തദ്ദേശ സ്ഥാപന ആസ്തി, വിട്ടുകിട്ടിയ സ്ഥാപന ആസ്തി തുടങ്ങിയ ആസ്തി വിഭജന മാനദണ്ഡങ്ങളിലുള്ള ആസ്തി ഡേറ്റാബേസ് പഞ്ചായത്തിൽ നിലവിലില്ല. ആയതിനാൽ വിവിധ മേഖല ഷെഡ്യൂളുകളിൽ 31/03/2023 ലെ ബാലൻസ് ഷീറ്റ് പ്രകാരമുള്ള ആസ്തികളുടെ വിവരത്തിന്റയും മൂല്യത്തിന്റയും ആധികാരികതയും കൃത്യതയും വ്യക്തമല്ല.

**1-1-7 കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ, നിരതദ്രവ്യം എന്നിവ തനത് ഫണ്ടിലേക്ക് മുതൽകൂട്ടിയില്ല.**

ബാലൻസ് ഷീറ്റ് B-7 ൽ ഉൾപ്പെട്ട 3 വർഷ കാലാവധി പിന്നിട്ട കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ, നിരതദ്രവ്യം എന്നിവ തനത് ഫണ്ടിലേക്ക് മുതൽകൂട്ടിയില്ല (Suppliers Emd, Suppliers Security Deposit Etc.)

**1-1-8 മറ്റ് സ്ഥിരം ആസ്തികൾ - ഡിപ്രീസിയേഷൻ ആസ്തിയേക്കാൾ അധികരിച്ചിരിക്കുന്നു.**

2022-23 സാമ്പത്തിക വർഷം തേയ്മാനം രേഖപ്പെടുത്തിയതിൽ മറ്റ് സ്ഥിരം ആസ്തികളുടെ

തേയ്മാനം ചുവടെ പറയും പ്രകാരം ആസ്തിയേക്കാൾ അധികരിച്ചിരിക്കുന്നു.

| ബി -11 ഷെഡ്യൂൾ പ്രകാരം മറ്റ് സ്ഥിരം ആസ്തികളുടെ മൂല്യം | ബി -11(a) ഷെഡ്യൂൾ പ്രകാരം മറ്റ് സ്ഥിരം ആസ്തികളുടെ തേയ്മാനം |
|---|---|
| 20,400 | - 3,13,397 |

മേൽ പ്രകാരം തേയ്മാനം ആസ്തിമൂല്യത്തേക്കാൾ അധികം വരാനുണ്ടായ കാരണവും ഡിപ്രീസിയേഷൻ കണക്കാക്കിയതിന്റെ രേഖകളും പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

**1-1-9 ക്യാഷ് ഫ്ലോ പത്രിക പൊരുത്തപ്പെടുന്നില്ല**

ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിലെ "Net Increase In Cash And Cash Equivalance" ആയി രേഖപ്പെടുത്തിയ തുകയും (53,75,950/-) ഇതേ പത്രികയിൽ "Net Cash Generated By Operating+ Investing+Financing Activity" (A+B+C) ആയി രേഖപ്പെടുത്തിയിട്ടുള്ള തുകയും (1,95,89,735) തുല്യമല്ല. ആയതിനാൽ ക്യാഷ് ഫ്ലോ പത്രികയിലെ തൻ വർഷത്തെ ആകെ ക്യാഷ് ഫ്ലോയും പത്രികയിൽ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല.

**1-1-10 Secured ലോൺ അക്കൗണ്ടിംഗിലെ അപാകത.**

Secured ലോൺസ് രണ്ട് ഹെഡുകളിലായി (330500201 ലും, 330500202 ലും) അക്കൗണ്ട് ചെയ്തതായി കാണുന്നു. ആയതിന്റെ കാരണം വ്യക്തമല്ല. വാർഷിക കണക്കുകളിലെ ബി-5 ഷെഡ്യൂൾ പ്രകാരം 1,32,18,375 രൂപ ലോൺ ഇനത്തിൽ തിരിച്ചടക്കാനുണ്ട്. എന്നാൽ ലോൺ രജിസ്റ്റർ പ്രകാരം 31.3.2023-ൽ 1,31,18,375 രൂപയാണ് ലോൺ ഇനത്തിൽ തിരിച്ചടക്കാനുള്ളത്. 1,00,000രൂപ അധികം ലോൺ ലഭിച്ചതായി കാണിച്ചതുകൊണ്ടാണ് അപാകത സംഭവിച്ചത്. കൂടാതെ ഷെഡ്യൂൾ B5-330500201- Loan From KURDFC എന്ന കണക്കിൽ 1,32,18,375 രൂപയാണ് വായ്പാ കാണിച്ചിട്ടുള്ളത്. എന്നാൽ തത്തുല്യമായ ആസ്തി ഹെഡ്ഡിൽ (440500101-Prepaid Programme Expense) 1,49,42,000 രൂപ ചേർത്തിട്ടുണ്ട്.

**1-1-11 ലൈഫ് മിഷൻ സംസ്ഥാന വിഹിതത്തിന്റെ കണക്കുകളിലെ അപാകങ്ങൾ**

ലൈഫ് മിഷൻ സംസ്ഥാന വിഹിതം ഇനത്തിൽ ഓഡിറ്റ് വർഷം 8,00,000 രൂപയാണ് വരവും ചെലവുമായുള്ളത്. എന്നാൽ 320300199 - Grants, Funds & Contributions For Specific Purposes - Other Government Agencies എന്ന ഹെഡിൽ 2022-23 ൽ 7,00,000 രൂപ മാത്രമെ വരവും ചെലവും കാണിച്ചിട്ടുള്ളൂ. (1,00,000 രൂപ കുറവ്).

**1-1-12 ബാലൻസ്ഷീറ്റിൽ നെഗറ്റീവ് എൻട്രി കാണിക്കുന്നു.**

ബാലൻസ്ഷീറ്റ് B-7 ൽ Other Deposits – 340109901 എന്ന ഹെഡിൽ ഉൾപ്പെടുത്തിയ -2,232 എന്ന തുകയുടെ വിശദാംശം പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. തുക നെഗറ്റീവ് ആകുവാനുള്ള കാരണം വ്യക്തമാക്കേണ്ടതാണ്.

**1-1-13 National Health Mission ഫണ്ട് തെറ്റായ കണക്കിൽ രേഖപ്പെടുത്തി.**

3.7.2022 ൽ 4,50,000രൂപ National Health Mission ഫണ്ട് വരവു വന്നിട്ടുണ്ട്. ഈ തുക 320100139 എന്ന ഹെഡിൽ രശീതി വൗച്ചർ 1220000102/3-7-2023 പ്രകാരം വരവു വയ്കുകയും തുടർന്ന് 4,50,000രൂപ 31.3.2023-ന് ജേണൽ ചെയ്ത് (42201450/31.3.23) 320100204 -Grants For Specific Purposes - Health Grant Twards Conversion Of PHCs And Subcentres In To Health And Wellness Centres എന്ന ഹെഡിലേക്ക് തെറ്റായി അക്കൗണ്ട് ചെയ്യപ്പെടുകയാണ് ചെയ്തിട്ടുള്ളത്. ഈ ഫണ്ടിൽ നിന്നും 4,00,565 രൂപ (പ്രൊജക്ട് നം 202/23 പ്രകാരമുള്ള 49,986 രൂപയും, പ്രൊജക്ട് നം 197/23 പ്രകാരമുള്ള 3,50,579 രൂപയും) ഓഡിറ്റ് വർഷം ചെലവുണ്ട്. മേൽ വിവരിച്ച പ്രകാരം വരവ് അക്കൗണ്ട് ചെയ്യപ്പെട്ടത് മാറിയതിനാൽ തനത് ഫണ്ടിൽ നിന്നാണ് 4,00,565 രൂപ നല്കിയിട്ടുള്ളത്. മേൽ അപാകത കാരണം 320100204 -Grants For Specific Purposes - Health Grant Twards Conversion Of PHCs And Subcentres In To Health And Wellness Centres എന്ന ഹെഡിലും 4,50,000 രൂപ വരവ് അധികം വന്നിട്ടുണ്ട്. ഈ തുക ആയതിന്റെ ബാങ്ക് അക്കൗണ്ടിൽ നീക്കിയിരിപ്പായി ഉണ്ട്. ആയത് ക്രമീകരിക്കേണ്ടതാണ്.

**1-1-14 ശുചിത്വമിഷൻ ഗ്രാന്റിൽ നിന്നുള്ള ചെലവ് കൂടുതൽ രേഖപ്പെടുത്തി**

320100198 -Grant From Suchitwa Mission എന്ന കണക്കിൽ 31.03.2023 ൽ 498,589 രൂപ ചെലവ് രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ തൻവർഷം ശുചിത്വമിഷൻ ഗ്രാന്റിൽ നിന്ന് 1,48,589രൂപ (Project No 32/23) മാത്രമാണ് ചെലവ്, 3,50,000 രൂപയുടെ (Project No 57/23) ചെലവ് അധികം രേഖപ്പെടുത്തി കാണുന്നു. Swaccha Bharat Abhiyaan (Rural And Urban) ഇനത്തിൽ 03-07-2022-ന് ലഭിച്ച (രസീറ്റ് നം 1220000103) 3,50,000 രൂപയുടെ ചെലവാണ് Project No 57/23 പ്രകാരം നടത്തിയിട്ടുള്ളത്. മേൽ ചെലവ് ജേണൽ വൗച്ചർ നം 42201448/തീ.31.3.2023 പ്രകാരം വീണ്ടും രേഖപ്പെടുത്തിയതുകൊണ്ടാണ് ശുചിത്വമിഷൻ ഗ്രാന്റിൽ നിന്നും അധിക ചെലവ് വരാൻ കാരണമായിട്ടുള്ളത്. ആയത് ക്രമീകരിക്കേണ്ടതാണ്.

**1-1-15 RP-40(b) ക്യാഷ് & ബാങ്ക് ബാലൻസിലെ അപാകത**

1). കേരള ഗ്രാമീണ് ബാങ്ക് അക്കൗണ്ട് നം-13715 ൽ 31.3.2023-ൽ 1,643 രൂപ ബാലൻസുണ്ട്. എന്നാൽ ബാങ്കിന്റെ 31.3.2023-ലെ ബാങ്ക് സ്റ്റേറ്റ്മെന്റ് /പാസ്ബുക്ക്, റീ-കൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് എന്നിവ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

2). SBI E-Payment ബാങ്ക് അക്കൗണ്ടിലെ (A/C No.37045372203) വർഷാന്ത്യ റീകൺസിലിയേഷൻ പത്രികയിൽ Cheque Deposited But Not Cleared എന്നയിനത്തിൽ കാണിച്ചിട്ടുള്ള 6,565/- രൂപയിൽ 4,788 രൂപ, Directly Credited By Bank എന്നയിനത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള 820രൂപ എന്നിവ കാലപരിധി കഴിഞ്ഞ തുകകളാണ്. ഇവ ക്രമീകരിച്ചിട്ടുണ്ടെങ്കിൽ വിശദാംശം പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

3). SBI ബാങ്ക് തനത് ഫണ്ട് അക്കൗണ്ടിൽ (A/C No.38854847090) വർഷാന്ത്യ റീകൺസിലിയേഷൻ പത്രികയിൽ Cash Or Cheque Deposited എന്നയിനത്തിൽ 13,678 രൂപ കാണിക്കുന്നു. ഇതിൽ കാലപരിധി കഴിഞ്ഞ ചുവടെ ചേർത്ത തുകകളും ഉൾപ്പെട്ടിട്ടുണ്ട്.

| ഇൻസ്ട്രുമെന്റ് നം.തിയതി | തുക |
|---|---|
| 6549/ 20.06.2022 | 4,712 |
| 6549/ 20.06.2022 | 2,899 |
| 6549/ 20.06.2022 | 6,067 |

4). യൂണിയൻ ബാങ്ക് ഓഫ് ഇന്ത്യ ബാങ്ക് അക്കൗണ്ടിലെ വർഷാന്ത്യ റീകൺസിലിയേഷൻ പത്രികയിൽ Directly Credited By Bank എന്നയിനത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള 1 രൂപ കാലപരിധി കഴിഞ്ഞ (30.9.2022-ന്) തുകയാണ്. ആയത് ക്രമീകരിച്ചിട്ടില്ല.

**1-1-16 അഡ്വാൻസ് രജിസ്റ്റർ കാലികമാക്കിയിട്ടില്ല.**

അഡ്വാൻസ് രജിസ്റ്ററിൽ 2022-23 വർഷം വിവരങ്ങൾ എടുത്തെഴുതി സംഗ്രഹം തയ്യാറാക്കിയിട്ടില്ലാത്തതിനാൽ ബാലൻസ് ഷീറ്റ് B-18 ഷെഡ്യൂൾ പ്രകാരമുള്ള തുകകളുടെ കൃത്യത പരിശോധിക്കുന്നതിന് സാധിച്ചിട്ടില്ല. B-18 ഷെഡ്യൂൾ പ്രകാരം 89,76,102 രൂപയാണ് അഡ്വാൻസ്/ഡെപ്പോസിറ്റ് ആയുള്ളത്. ഇതിലെ മുഴുവൻ തുകയുടേയും കൃത്യത പരിശോധിച്ച് തുക വിനിയോഗിച്ചവ ക്രമീകരിക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതും അഡ്വാൻസ് നല്കി ക്രമീകരിക്കാത്തവയിലും, മുൻകൂർ നൽകി പ്രവൃത്തി പൂർത്തീകരിക്കാത്തവയിലും അനുവദിച്ച തുകകൾ തിരികെ ഈടാക്കുവാനും നടപടികൾ സ്വീകരിക്കേണ്ടതാണ്.

**1-1-17 വിവിധ ആസ്തി ബാദ്ധ്യതകളുടെ വിശദവിവരങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.**

വിവിധ ആസ്തി ബാദ്ധ്യതകളുടെ വിശദവിവരങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ ഈ തുകകളുടെ കൃത്യത ഉറപ്പു വരുത്താനായിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

എ) ചുവടെ ചേർത്ത ഹെഡുകൾ പ്രകാരമുള്ള ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ സംബന്ധിച്ച വിശദ വിവരങ്ങൾ ഹാജരാക്കിയിട്ടില്ല(പ്രോജക്ട് നം, പേര്, തുക തുടങ്ങിയ വിവരങ്ങൾ സഹിതം)

312100128- Capital Contribution-MGNREGA Scheme- 16,90,572

312100181 -Capital Contribution--Total Sanitation Campaign- 4,98,589

312100201 -Capital Contribution--Development Fund - General - Capital- 12,94,855

312100202- Capital Contribution--Development Fund - SCP – Capital- 9,41,390

312100204- Capital Contribution--Development Fund - CFC Grant- Basic Tax Grant- 71,00,251

312100205- Capital Contribution--Development Fund - CFC-Performance Grant- 24,48,030

312100211- Capital Contribution--Development Fund - CFC– Tied Fund- 43,66,904

312100301- Capital Contribution--Maintenance Grant - Road- 29,03,408

312100302- Capital Contribution--Maintenance Grant - Non-Road- 13,11,924

ബി) ഷെഡ്യൂൾ B4ലെ ചുവടെ ചേർത്ത ബാദ്ധ്യതാ നീക്കിയിരിപ്പുകൾ ഏതൊക്കെ ആവശ്യങ്ങൾക്ക് എവിടെ നിന്ന് ലഭിച്ചു എന്നും നീക്കിയിരിപ്പ് തുകകൾ ഏതൊക്കെ ബാങ്ക് അക്കൗണ്ടുകളിലാണ് നിലവിലുള്ളത് എന്നും വിശദീകരിച്ചിട്ടില്ല.

320100999- Other Liabilities- 24,43,655

320700204- Contributions For Joint Venture Projects (For Revenue Expenditure) - From

Block Panchayats- 4,69,500

സി) B9 ഷെഡ്യൂളിലെ ചുവടെ ചേർത്ത ബാദ്ധ്യതാ നീക്കിയിരിപ്പ് സംബന്ധിച്ച വിശദാംശങ്ങൾ ഹാജരാക്കിയിട്ടില്ല.

350109999- Amount Payable To Other Creditors- 7,61,139

350300112- Government And Other Dues Payable -Value Of Court Fee Stamp- 865

350800102- Liability In Respect Of Payments Returned- 4,297.

**1-2 ബജറ്റ്**

2022-23 വർഷത്തെ ബജറ്റ് , പുതുക്കിയ ബജറ്റ് എന്നിവ അംഗീകരിച്ചതിന്റെ വിവരം -

| ഇനം | ബജറ്റ് | പുതുക്കിയ ബജറ്റ് |
|---|---|---|
| ഭരണ സമിതി തീരുമാനം , തിയതി | നം.1/1 തീയതി 24/03/2022 | നം.1/1 തീയതി 20/03/2023 |
| മുന്നിരിപ്പ് | 1,77,00,780 | 1,53,95,315 |
| വരവ് | 28,48,51,000 | 27,26,89,300 |
| ആകെ | 30,25,51,780 | 28,80,84,615 |
| ചെലവ് | 29,90,01,000 | 28,44,63,212 |
| നീക്കിയിരിപ്പ് | 35,50,780 | 36,21,403 |

**1-3 സാമ്പത്തിക വിശകലനം**

(വാർഷിക ധനകാര്യ പത്രികയിലെ രസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് പകാരമുള്ള വരവ് ചെലവ് വിവരങ്ങൾ)

| വർഷം | 2022-23 |
|---|---|
| മുന്നിരിപ്പ് | 52765944 |
| വരവ് | 104799001 |
| ആകെ | 157564945 |
| ചെലവ് | 99423051 |
| നീക്കിയിരിപ്പ് | 58141894 |
| വരവ് കണക്കുകളിന്മേലുള്ള നഷ്ടം | ഇല്ല |
| ചെലവ് കണക്കുകളിന്മേലുള്ള നഷ്ടം/ ഓഡിറ്റിൽ നിരാകരിച്ച തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 4284659 |

**1-4 ഗ്രാന്റ് വിനിയോഗം**

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായതുക |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| വികസനഫണ്ട്പൊതുവിഭാഗം | 0 | 1,78,75,000 | 1,78,75,000 | 1,78,75,000 | 0 |
| വികസനഫണ്ട് എസ്.സി.പി. | 0 | 35,28,000 | 35,28,000 | 29,27,395 | 6,00,605 |
| വികസനഫണ്ട് -ടി.എസ്.പി. | 0 | 0 | 0 | 0 | 0 |
| സംരക്ഷണഗ്രാന്റ് -റോഡ് | 0 | 93,08,000 | 93,08,000 | 92,92,466 | 15,534 |
| സംരക്ഷണഗ്രാന്റ്-നോൺറോഡ് | 0 | 58,88,000 | 58,88,000 | 58,88,000 | 0 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ്( Tied) | Try-0 | 5,97,580 | 5,97,580 | 5,97,580 | 0 |
| | Bank-17,04,949 | 55,33,000 | 72,37,949 | 62,62,581 | 9,75,368 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് (Untied) | Try-0 | 0 | 0 | 0 | 0 |
| | Bank-1,09,609 | 38,19,798 | 39,29,407 | 32,20,506 | 7,08,901 |
| **ബി ഫണ്ട്** | | | | | |
| വിധവകളുടെപെൺമക്കളുടെ വിവാഹധനസഹായം | 0 | 1,80,000 | 1,80,000 | 1,80,000 | 0 |
| സംയുക്ത പദ്ധതി | | | | | |
| ബ്ലോക്ക് പഞ്ചായത്ത് | 4,86,500 | 22,74,001 | 27,60,501 | 22,91,001 | 4,69,500 |
| ജില്ലാ പഞ്ചായത്ത് | 10,87,720 | 6,59,420 | 17,47,140 | 17,47,140 | 0 |
| **കേന്ദ്രാവിഷ്കൃത പദ്ധതി** | | | | | |
| ICDS കേന്ദ്ര വിഹിതം | 6,74,180 | 11,57,976 | 18,32,156 | 4,12,704 | 14,19,452 |
| SSA | 3,91,895 | 12,573 | 4.04,468 | 35 | 4,04,433 |
| ശുചിത്വമിഷൻ | 19,97,077 | 0 | 19,97,077 | 1,48,589 | 18,48,488 |
| SBM – റൂറൽ ഗ്രാന്റ് | 0 | 3,50,000 | 3,50,000 | 3,50,000 | 0 |
| പൈക്ക | 59,348 | 0 | 59,348 | 0 | 59,348 |
| സാഗി(SAGY) | 16,600 | 0 | 16,600 | 0 | 16,600 |
| NRHM | 0 | 4,50,000 | 4,50,000 | 4,00,565 | 49,435 |
| ഹെൽത്ത് ഗ്രാന്റ് - I | 0 | 4,01,946 | 4,01,946 | 0 | 4,01,946 |
| ഹെൽത്ത് ഗ്രാന്റ് - II | 0 | 2,21,310 | 2,21,310 | 0 | 2,21,310 |
| തൊഴിലുറപ്പ് പദ്ധതി | 0 | 7,49,52,299 | 7,49,52,299 | 7,49,51,860 | 439 |
| **സംസ്ഥാനാവിഷ്കൃത പദ്ധതി** | | | | | |
| ലൈഫ്ഭവനം സ്റ്റേറ്റ്ഷെയർ | 0 | 8,00,000 | 8,00,000 | 8,00,000 | 0 |
| ഖരമാലിന്യപരിപാലനം | 11,08,166 | 0 | 11,08,166 | 0 | 11,08,166 |
| വിമുക്തി | 31,082 | 0 | 31,082 | 0 | 31,082 |
| മികച്ച പഞ്ചായത്ത് അവാർഡ് തുക | 122274 | 20,00,000 | 21,22,274 | 0 | 21,22,274 |
| CMDRF | 3,000 | 0 | 3,000 | 0 | 3,000 |
| ബഡ്സ് സ്ക്കൂൾ പ്രവർത്തനം | 10,95,778 | 0 | 10,95,778 | 5,05,679 | 6,90,099 |
| പഞ്ചായത്ത്ദുരിതാശ്വാസനിധി | 8,205 | 4,816 | 13,021 | 5,035 | 7,986 |
| മണൽ വരവ് | 0 | 67,14,100 | 67,14,100 | 67,14,100 | 0 |

കുറിപ്പ് :

1). വികസന ഫണ്ട് ജനറൽ 29,07,594 രൂപ (ലൈഫ് മിഷൻ വായ്പ തിരിച്ചടവ്(ജനറൽ) ഇനത്തിൽ സ്രോതസ്സിൽ നിന്നും ഈടാക്കിയ 16,54,794 രൂപയും അംഗനവാടി ജീവനക്കാരുടെ പ്രതിഫല ഇനത്തിൽ സ്രോതസ്സിൽ നിന്നും ഈടാക്കിയ 12,52,800 രൂപ), ലൈഫ് മിഷൻ വായ്പ തിരിച്ചടവ് ഇനത്തിൽ എസ്.സി.പി 1,68,831 രൂപ എന്നീയിനങ്ങളിൽ സ്രോതസ്സിൽ നിന്നും കുറച്ച തുകകളും മേൽപട്ടികയിൽ വരവിലും ചെലവിലും ഉൾപ്പെടുത്തിയിട്ടുണ്ട്.

2). തൊഴിലുറപ്പ് പദ്ധതി തൊഴിലാളികളുടെ വേതനം, സാധനസാമഗ്രികളുടെ വില എന്നീയിനങ്ങളിൽ 2022-23വർഷം 7,31,76,636/-രൂപ ഗുണഭോക്താക്കളുടെ അക്കൗണ്ടിലേയ്ക്ക് നേരിട്ട്

ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്.

3). വിവിധ ക്ഷേമ പെൻഷൻ ഇനങ്ങളിലായി 2022-23 വർഷം 4,31,35,400രൂപ ഗുണഭോക്താക്കളുടെ അക്കൗണ്ടിലേയ്ക്ക് നേരിട്ട് ട്രാൻസ്ഫർ (DBT) ചെയ്തിട്ടുണ്ട്.( ഇൻകം&എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് ഷെഡ്യൂൾ I-14(D))

4). ധനകാര്യകമ്മീഷൻ ഗ്രാന്റ് ഇനത്തിൽ ബജറ്റ് അലോട്ട്മെന്റിൽ 23.06.22 ലെ സ.ഉ (സാധാ) നം 4585/2022/ധന നമ്പർ ഉത്തരവ് പ്രകാരം മുൻവർഷം ലാപ്സായ 5,97,580രൂപ (ടൈഡിൽ) അധിക അലോട്ട്മെന്റായി ലഭിച്ചിട്ടുണ്ട്.

5). ജനറൽ പർപ്പസ് ഗ്രാന്റ് ഇനത്തിൽ 2022-23 വർഷം 1,37,33,000/- രൂപ വരവുണ്ട് .

6). ദേശീയപാതാ വികസനത്തിന്റെ ഭാഗമായി പഞ്ചായത്തിന്റെ അധീനതയിലുള്ള കെട്ടിടം പൊളിച്ചുമാറ്റുന്നതിനുള്ള നഷ്ടപരിഹാരമായി ഓഡിറ്റ് വർഷം 38,15,928 രൂപ ലഭിച്ചിട്ടുണ്ട്.

7). ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ വിവിധ ഫണ്ടിനങ്ങളുടെ അലോക്കേഷൻ തുകകളും ബാലൻസ് തുകകളും രേഖപ്പെടുത്തിയിട്ടുള്ളത് എ.സി.ആർ./ചെലവു പത്രികയുമായി പൊരുത്തപ്പെടുന്നില്ല. ചെലവ് തുകകൾ സുലേഖ പത്രികയുമായി പൊരുത്തപ്പെടുന്നുണ്ട്. തന്മൂലം ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വകയിരുത്തൽ, നീക്കിയിരിപ്പ് തുകകളുടെ കൃത്യത നിർണ്ണയിക്കാൻ കഴിഞ്ഞിട്ടില്ല.

മേൽ അപാകതകൾക്ക് വിധേയമായാണ് ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം(അനുബന്ധം 2) നൽകിയിരിക്കുന്നത്.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം .

| അംഗീകാരം ലഭിച്ചത്(എണ്ണം) | അടങ്കൽ | നടപ്പാക്കിയത് | ചെലവ് | ഭാഗികമായി നടപ്പാക്കിയത് | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പദ്ധതികളുടെ ശതമാനം |
|---|---|---|---|---|---|---|
| 205 | 127292823 | 160 | 70094176 | - | 145 | 78.04 |

**നിർവ്വഹണോദ്യോഗസ്ഥരുടെ പദ്ധതി നിർവ്വഹണം സംബന്ധിച്ച സംക്ഷിപ്ത വിവരം**

| ക്രമ നം | നിർവ്വഹണോദ്യോഗസ്ഥൻ | അംഗീകരിച്ച പദ്ധതി രേഖ പ്രകാരം 2022-23വർഷത്തിൽ നടപ്പാക്കേണ്ട പദ്ധതികളുടെ വിവരം | | 2022-23വർഷം നടപ്പാക്കിയ പദ്ധതികളുടെ വിവരം | | ചെലവ് ശതമാനം. |
|---|---|---|---|---|---|---|
| | | എണ്ണം | അടങ്കൽ | എണ്ണം | ചെലവ് തുക | |
| 1 | സെക്രട്ടറി | 29 | 13735126 | 21 | 8599727 | 62.61 |
| 2 | അസിസ്റ്റന്റ് സെക്രട്ടറി | 8 | 3006900 | 7 | 1956211 | 65.06 |
| 3 | അസിസ്റ്റന്റ് എഞ്ചിനിയർ | 108 | 56828478 | 81 | 31939455 | 56.20 |
| 4 | കൃഷി ഓഫീസർ | 7 | 3395129 | 7 | 2989355 | 88.05 |
| 5 | വെറ്ററിനറി സർജ്ജൻ | 9 | 5031337 | 9 | 2895223 | 57.54 |
| 6 | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ-(ചെറുവത്തൂർ സർക്കിൾ) | 11 | 22420000 | 11 | 8287548 | 36.96 |
| 7 | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ-(കുട്ടമത്ത് സർക്കിൾ) | 4 | 8692976 | 2 | 1306736 | 15.03 |
| 8 | ഐ.സി.ഡി.എസ് | 7 | 4830168 | 7 | 4319957 | 89.44 |

| | | | | | | |
|---|---|---|---|---|---|---|
| | സൂപ്പർവൈസർ | | | | | |
| 9 | പ്രധാനധ്യാപകൻ | 5 | 1148878 | 2 | 598330 | 52.08 |
| 9 | മെഡിക്കൽ ഓഫീസർ ഹോമിയോ | 1 | 400000 | 1 | 400000 | 100 |
| 10 | മെഡിക്കൽ ഓഫീസർ ആയുർവ്വേദം | 3 | 1249000 | 3 | 1199986 | 96.07 |
| 11 | മെഡിക്കൽ ഓഫീസർ - പി.എച്ച്.സി | 10 | 4666866 | 6 | 3718883 | 79.69 |
| 12 | ഡയറി ഫാം ഇൻസ്ട്രക്ടർ | 1 | 1400000 | 1 | 1400000 | 100 |
| 13 | ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 2 | 487965 | 2 | 482765 | 98.93 |
| | **ആകെ** | **205** | **127292823** | **160** | **70094176** | 55.06 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണച്ചെലവ് | 0 | 17,75,663 | 17,75,663 | 17,75,224 | 439 |
| വേതനം , മെറ്റീരിയൽ കോസ്റ്റ് എന്നീയിനങ്ങളിൽ ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകിയത് | 0 | 7,31,76,636 | 7,31,76,636 | 7,31,76,636 | 0 |
| ആകെ | 0 | 7,49,52,299 | 7,49,52,299 | 7,49,51,860 | 439 |

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയ്ക്കായി 2022-23 വർഷം 12039 പദ്ധതികളുൾപ്പെടുന്ന 184.84 കോടി രൂപ അടങ്കലുള്ള ആക്ഷൻ പ്ലാൻ ഗ്രാമ പഞ്ചായത്ത് തയ്യാറാക്കി അംഗീകാരം നേടിയിരുന്നു. തൻ വർഷം 581 പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളത്. വിവിധ പദ്ധതികളിലായി ആകെ 202841 തൊഴിൽ ദിനങ്ങൾ തൻ വർഷം സൃഷ്ടിച്ചിട്ടുണ്ട്. നൂറുദിനം തൊഴിൽ ലഭിച്ച 1489 കുടുംബങ്ങളുണ്ട്.

## 1-7 ക്ഷേമപദ്ധതികൾക്കായി തൻവർഷം വിനിയോഗിച്ച തുകയുടെ വിശദാംശം

തൻവർഷം ഗ്രാമപഞ്ചായത്തിൽ വിവിധ ക്ഷേമ പദ്ധതികൾക്കായി വിനിയോഗിക്കപ്പെട്ട തുകയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 38,96,700 | 2843 |
| വിധവാപെൻഷൻ | 1,44,44,500 | 10722 |
| വാർദ്ധക്യകാലപെൻഷൻ | 2,05,84,400 | 17137 |
| വികലാംഗപെൻഷൻ | 35,78,200 | 2634 |
| അവിവാഹിതകളായ 50 വയസ്സിനുമേൽ പ്രായമുള്ള വനിതകൾക്കുള്ള പെൻഷൻ | 6,31,600 | 506 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 1,80,000 | 6 |

## 1-8 ക്യാഷ് വെരിഫിക്കേഷൻ

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്റ്റിലെ 6 (4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 16-12-2023 തീയതിയിൽ 11.30 A.M ന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. ക്യാഷ് ബാലൻസായ 1766/- രൂപയുടെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

**പൊതു നിയന്ത്രണം**

02.09.2021ലെ ഉത്തരവ് നം. എസ്.സി2-2474/2021 പ്രകാരം ജീവനക്കാരുടെ ജോലി വിഭജനം നടത്തിയിട്ടുണ്ട്. പിന്നീട് നിരവധി ഉപ ഉത്തരവുകൾ പ്രകാരം ഓഫീസ് ഉത്തരവിൽ കൂട്ടിചേർക്കലുകളുണ്ടായിട്ടുണ്ട്.

ഓഡിറ്റ് വർഷം പഞ്ചായത്ത് ഭരണസമിതി 39 തവണ യോഗം ചേർന്നിട്ടുണ്ട്. ധനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റി 20 പ്രാവശ്യവും വികസന സ്റ്റാന്റിങ്ങ് കമ്മിറ്റി 25 പ്രാവശ്യവും ക്ഷേമകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റി 21 പ്രാവശ്യവും ആരോഗ്യ-വിദ്യാഭ്യാസ സ്റ്റാന്റിങ്ങ് കമ്മിറ്റി 18 പ്രാവശ്യവും യോഗം ചേർന്നിട്ടുണ്ട്. യോഗ തീരുമാനങ്ങൾ കൃത്യമായി മിനിട്സ് ബുക്കിൽ രേഖപ്പെടുത്തുന്നുണ്ട്. പഞ്ചായത്തിന്റെ ഓരോ മാസത്തെയും വരവ് ചെലവ് കണക്കുകൾ തൊട്ടടുത്ത മാസം 10-ാം തിയതിക്കകം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി അംഗീകരിക്കണം എന്ന വ്യവസ്ഥ കൃത്യമായി പാലിക്കുന്നില്ല. (4/2022, 6/2022, 7/2022, 8/2022, 11/2022, 12/2022 എന്നീ മാസങ്ങളിലെ വരവ് ചെലവ് കണക്കുകൾ യഥാക്രമം 12.05.2022, 11.07.2022, 11.08.2022, 22.09.2022, 14.12.2022, 23.01.2023 എന്നീ തിയതികളിലാണ് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി അംഗീകരിച്ചിട്ടുള്ളത്). സ്റ്റാന്റിംഗ് കമ്മിറ്റി യോഗങ്ങളിൽ നിർവ്വഹണോദ്യോഗസ്ഥൻമാരെകൂടി പങ്കെടുപ്പിക്കേണ്ടതാണ്.

ഗ്രാമപഞ്ചായത്ത് കാര്യാലയത്തിലെ ജീവനക്കാരുടെ യോഗം (Staff Meeting) 2022-2023 സാമ്പത്തിക വർഷം 12 തവണ ചേർന്നിട്ടുണ്ട്. യോഗതീരുമാനങ്ങൾ മിനുട്സ് ബുക്കിൽ രേഖപ്പെടുന്നുണ്ട്.
ILGMS സോഫ്റ്റ്വെയറിൽ 23.12.2023ന് 497 അപേക്ഷകൾ തീർപ്പാക്കാനുണ്ട്. അപേക്ഷകൾ സമയബന്ധിതമായി തീർപ്പാക്കേണ്ടതാണ്.

**കൺട്രോൾ ഓവർ അക്കൗണ്ട്**

അക്കൗണ്ടിങ്ങ് സമ്പ്രദായം അനുശാസിക്കുന്ന തരത്തിലുള്ള രേഖകളും രജിസ്റ്റകളും സ്ഥാപനത്തിൽ സൂക്ഷിക്കുന്നുണ്ട്. നവീകരിച്ച അക്കൗണ്ടിങ്ങ് മാന്വൽ പ്രകാരമുള്ള മാറ്റങ്ങൾ സ്ഥാപനം ഉൾക്കൊള്ളുകയും ആയത് അനുസരിച്ചുള്ള കാലികമായ മാറ്റങ്ങൾ സ്ഥാപനത്തിൽ നടപ്പിൽവരുത്തുകയും ചെയ്തുവരുന്നുണ്ട്. സ്ഥാപനത്തിൽ കൃത്യമായും സമയബന്ധിതമായും അക്കൗണ്ടിങ്ങ് ഇടപാടുകൾ രേഖപ്പെടുത്തി വരികയും, ആയതുവഴി സ്ഥാപനത്തിന്റെ ഏതു സമയത്തുമുള്ള സാമ്പത്തിക നില പ്രതിഫലിക്കപ്പെടുകയും ചെയ്യുന്നുണ്ട്. ജനറൽ ലെഡ്ജറും സബ്സിഡറി ലെഡ്ജറും ഉൾക്കൊള്ളുന്ന ഡബിൾ എൻട്രി സിസ്ററമാണ് സ്ഥാപനത്തിൽ നിലവിലുള്ളത്. റസീറ്റു ബുക്കുകൾക്കും ഫോറങ്ങൾക്കും സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നുണ്ട്. അഗ്നിബാധ, മോഷണം, പ്രകൃതി ദുരന്തം, രേഖകളിൽ കൃത്രിമം വരുത്തൽ എന്നിവയിൽ നിന്നും സംരക്ഷിക്കപ്പെടുന്ന തരത്തിലാണ് അക്കൗണ്ടിങ്ങ് സംബന്ധിച്ച രേഖകൾ സൂക്ഷിച്ചുള്ളത്. ഓരോ അക്കൗണ്ടിങ്ങ് രേഖളിലേക്കുമുള്ള പ്രവേശനവും (ലോഗിൻ വഴി) നിശ്ചയിക്കപ്പെട്ട ഉദ്യോഗസ്ഥർക്കായി പരിമിതപ്പെടുത്തിട്ടുണ്ട്.

ബഡ്ജറ്റ് പാസ്സാക്കിയെങ്കിലും ആയതിന്റെ അടിസ്ഥാനത്തിൽ വരവ് ചെലവ് കണക്കുകൾ കൃത്യമായി വിലയിരുത്തപ്പെടുന്നില്ല. സ്ഥാപനത്തിന്റെ സാമ്പത്തിക ഇടപാടുകൾ കൃത്യമായി അക്കൗണ്ട് ചെയ്യപ്പെടുന്നുണ്ട്. ക്യാഷും അക്കൗണ്ട്സും വ്യത്യസ്ഥ ജീവനക്കാരാണ് കൈകാര്യം ചെയ്യുന്നത്. അക്കൌണ്ട് റൂളുകളും അക്കൗണ്ടിംഗ് പോളിസികളും പാലിക്കുന്നുണ്ട്. കേരള ഗ്രാമീണ് ബാങ്ക് അക്കൗണ്ട് നം-13715 ൽ 31.3.2023-ൽ 1,643 രൂപ ബാലൻസുണ്ട്. എന്നാൽ ബാങ്കിന്റെ 31.3.2023-ലെ ബാങ്ക് സ്റ്റേറ്റ്മെന്റ് /പാസ്ബുക്ക്, റീ-കൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് എന്നിവ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. സ്ഥാപനത്തിലെ എല്ലാ ബാങ്ക് /ട്രഷറി ഇടപാടുകളും വാർഷിക ധനകാര്യ പത്രികയിലുൾപെട്ടിട്ടുണ്ട്. ദിവസേനയുള്ള വരവുകൾ ബാങ്കിൽ കൃത്യമായി ഒടുക്കുന്നുണ്ട്. ഓഡിറ്റിന്റെ ഭാഗമായി കാഷ് ബാലൻസ് പരിശോധിച്ചതിൽ ക്യാഷ് ബാലൻസ് ക്യാഷ് ബുക്കുമായി പൊരുത്തപ്പെടുന്നുണ്ട്.

**പണത്തിനും ബാങ്കിനും മുകളിലുള്ള നിയന്ത്രണം**

പഞ്ചായത്തിൽ നിലനിർത്തിപോരുന്ന എല്ലാ ബാങ്ക് അക്കൗണ്ടുകളുടേയും ലിസ്റ്റ് നിലവിലുണ്ട്. വിവിധ വരവുകൾ യഥായമയം തന്നെ ബാങ്കുകളിൽ വരവു വെക്കുന്നുണ്ട്. പഞ്ചായത്തിൽ ലഭിക്കുന്ന ചെക്കുകളും ഡി.ഡികളും ചെക്ക് & ഡ്രാഫ്റ്റ് രജിസ്റ്ററിൽ കൃത്യമായി രേഖപ്പെടുത്തുകയും കാലതാമസം കൂടാതെ ബാങ്കുകളിൽ നിക്ഷേപിക്കുകയും ചെയ്യുന്നുണ്ട്. ഫ്രണ്ട് ഓഫീസ് സംവിധാനത്തിലൂടെയാണ് പഞ്ചായത്തിൽ പണം സ്വീകരിച്ചു വരുന്നത്.

**ഡി.സി.ബി വരവുകളിൻ മേലുള്ള നിയന്ത്രണം**

ഓരോ വരവിനത്തിലുമുള്ള ഡിമാന്റുകൾ കൃത്യമായി ഡി.സി.ബി.രജിസ്റ്ററുകളിൽ രേഖപ്പെടുത്തുകയും തുടർനടപടികൾ സ്വികരിക്കുകയും ചെയ്തുവരുന്നുണ്ട്. ഡി.സി.ബി. വരവുകൾ കാഷ് ബുക്കിലും ലഡ്ജറുകളിലും കൃത്യമായി രേഖപ്പെടുത്തുകയും റികൺസിലിയേഷൻ നടത്തുകയും ചെയ്യുന്നുണ്ട്.

**നികുതി -നികുതിയേതര വരവുകളിന്മേലുള്ള നിയന്ത്രണം**

വരവിനങ്ങളെല്ലാം കൃത്യമായി ഡിമാന്റ് ചെയ്യപ്പെടുന്നുണ്ട് നികുതി നിർണ്ണയം നടത്തുന്നത് സഞ്ചയ സോഫ്റ്റ് വെയർ മുഖേനയാണ്. തൻവർഷം 100 % നികുതി പിരിവ് കൈവരിച്ചിട്ടുണ്ട്.

**കൺട്രോൾ ഓവർ പ്രൊക്യൂർമെന്റ്.**

ഗ്രാമപഞ്ചായത്തിലെ പ്രൊക്യൂർമെന്റ് കമ്മിറ്റി നല്ല രീതിയിൽ പ്രവർത്തിക്കുന്നുണ്ട്. 2022-2023 വർഷത്തിൽ ആകെ 7 തവണ യോഗം ചേർന്നിട്ടുണ്ട്.

സാധന സാമഗ്രികൾ സമാഹരിക്കുന്നതിനുള്ള ചട്ടങ്ങളും സ്റ്റോർ പർച്ചേസ് ചട്ടങ്ങളും സ്ഥാപനം അനുസരിക്കുന്നുണ്ട്. സാധന സാമഗ്രികളുടെ സമാഹരണവുമായി ബന്ധപ്പെട്ട ഫയലുകളും രജിസ്റ്ററുകളും കൃത്യമായി എഴുതി സൂക്ഷിക്കുന്നുണ്ട്.

**കൺട്രോൾ ഓവർ പേറോൾ**

ജീവനക്കാരുടെ സേവന പുസ്തകം കൃത്യമായി പരിപാലിക്കുന്നുണ്ടെങ്കിലും ജീവനക്കാരുടെ ശമ്പള പരിഷ്കരണം കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിൽ നിന്നും സമയാസമയങ്ങളിൽ അംഗീകാരം വാങ്ങുന്നില്ല.

ജീവനക്കാരുടെ ശമ്പളം നിലവിൽ ബാങ്ക് അക്കൗണ്ട് വഴിയാണ് നൽകുന്നത്. ജീവനക്കാരുടെ പെൻഷൻ കോണ്ട്രിബ്യൂഷനും മറ്റ് ശമ്പള റിക്കവറികളും കൃത്യമായി ഈടാക്കി ബന്ധപ്പെട്ട വകുപ്പുകളിലേക്ക് ഒടുക്കുന്നുണ്ട്. NPS പെൻഷൻ പദ്ധതിയിലുൾപ്പടുന്ന ജീവനക്കാരുടെ പെൻഷൻ കോണ്ട്രിബ്യൂഷനും കൃത്യമായി ഈടാക്കുന്നുണ്ട്.

**രജിസ്റ്ററുകളുടെ സൂക്ഷിപ്പിൻമേലുള്ള നിയന്ത്രണം**

ഗ്രാമപഞ്ചായത്തിൽ എസ്റ്റാബ്ലിഷ്മെന്റ് ചെലവുകളുമായി ബന്ധപ്പെട്ട് സൂക്ഷിക്കേണ്ട പ്രധാന രജിസ്റ്ററുകളായ അക്വിറ്റൻസ് രജിസ്റ്റർ, അഡ്വാൻസ് രജിസ്റ്റർ, ജീവനക്കാരുടെ റിക്കവറി സംബന്ധമായ രജിസ്റ്റർ, സ്യൂട്ട് രജിസ്റ്റർ, ഓഡിറ്റ് ഒബ്ജക്ഷൻ രജിസ്റ്റർ തുടങ്ങിയവ എഴുതി സൂക്ഷിക്കുന്നുണ്ട്. അഡ്വാൻസ് രജിസ്റ്ററിൽ 2022-23വർഷം വിവരങ്ങൾ എടുത്തെഴുതി സംഗ്രഹം തയ്യാറാക്കിയിട്ടില്ല. ഇൻകുബൻസി രജിസ്റ്റർ സൂക്ഷിച്ചിട്ടുണ്ടെങ്കിലും ആയത് പൂർണ്ണമല്ല. തൻവർഷത്തെ ഡിപ്രിസിയേഷൻ കണക്കാക്കിയതിന്റെ രേഖകൾ ലഭ്യമാക്കിയിട്ടില്ല.

**ആസ്തികളിൻമേലുള്ള നിയന്ത്രണം**

ആസ്തികൾ കൃത്യമായി മൂല്യ നിർണ്ണയം ചെയ്ത് ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. സ്ഥാപനത്തിൽ അസറ്റ് രജിസ്റ്റർ എഴുതി തയ്യാറാക്കേണ്ടതും അതിന്റെ മൂല്യനിർണ്ണയം നടത്തി വാർഷിക കണക്കുകളുമായി പൊരുത്തപ്പെടുത്തേണ്ടതുമാണ്.

**1-10 തനതുവരുമാനം-അവലോകനം**

ആറാം ധനകാര്യ കമ്മീഷന്റെ രണ്ടാമത് റിപ്പോർട്ടിലെ നിർദ്ദേശ പ്രകാരവും, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 11.07.2023ലെ ഡി.കെ.എസ്.എ.3683/എസ്.എസ്.3/2019 നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയ മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ചും വിഭവ സമാഹരണത്തിന്റെ കാര്യക്ഷമതക്ക് പ്രാധാന്യം നൽകിക്കൊണ്ട് നടത്തിയ പരിശോധന പ്രകാരം ലഭ്യമായ വിവരങ്ങൾ താഴെ ചേർക്കുന്നു.

1) <u>വസ്തു നികുതി</u>

സ.ഉ(കൈ) നം.77/2023/LSGD തീയതി. 22.03.2023 നമ്പർ പ്രകാരം കേരളത്തിലെ എല്ലാ ഗ്രാമപഞ്ചായത്തുകളിലും നഗരസഭകളിലും 01.04.2023 പ്രാബല്യത്തിൽ വസ്തുനികുതി പുതുക്കി നിശ്ചയിക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്.

ചെറുവത്തൂർ ഗ്രാമപഞ്ചായത്തിൽ പരിഷ്കരിച്ച വസ്തു നികുതി നിരക്കുകൾ 04.07.2023 തീയതിയിലെ 2(1), നമ്പർ ഭരണസമിതി തീരുമാനപ്രകാരം വിവിധ ആവശ്യങ്ങൾക്കുള്ള

കെട്ടിടങ്ങൾക്ക് 01.04.2023 മുതൽ അഞ്ചുവർഷത്തേക്ക് അടിസ്ഥാന വസ്തു നികുതി നിർണയിച്ചുകൊണ്ട് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. പരിഷ്കരിച്ച നികുതി നിരക്കുകൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഇനം | കുറഞ്ഞ നികുതി | കൂടിയ നികുതി | അംഗീകരിച്ച നികുതി |
|---|---|---|---|---|
| 1 | പാർപ്പിടാവശ്യം- സ്വന്തം താമസത്തിന് ഉപയോഗിക്കുന്ന പാർപ്പിടങ്ങൾ ,ഹോം സ്റ്റേ, (വിനോദ സഞ്ചാരികൾക്ക് വാടകയ്ക് നൽകുന്നത്) 300 ച.മീ.വരെയുള്ളവ | 6 | 10 | 6 |
| 2 | പാർപ്പിടാവശ്യം- സ്വന്തം താമസത്തിന് ഉപയോഗിക്കുന്ന പാർപ്പിടങ്ങൾ ,ഹോം സ്റ്റേ, (വിനോദ സഞ്ചാരികൾക്ക് വാടകയ്ക് നൽകുന്നത്) 300 ച.മീ. ൽ മുകളിലുള്ളവ | 8 | 12 | 8 |
| 3 | പാർപ്പിടാവശ്യം- സ്വകാര്യ ഹോസ്റ്റൽ | 40 | 70 | 40 |
| 4 | പാർപ്പിടാവശ്യം- റിസോർട്ട് | 85 | 95 | 85 |
| 5 | പാർപ്പിടാവശ്യം- ലോഡ്ജ്, ഹോട്ടൽ ഉൾപ്പടെ മറ്റ് പ്രത്യേക പാർപ്പിട ആവശ്യത്തിനുള്ളവ 300 ച.മീ വരെയുള്ളവ | 40 | 70 | 40 |
| 6 | പാർപ്പിടാവശ്യം- ലോഡ്ജ്, ഹോട്ടൽ ഉൾപ്പടെ മറ്റ് പ്രത്യേക പാർപ്പിട ആവശ്യത്തിനുള്ളവ 300 ച.മീ. മുകളിലുള്ളവ | 55 | 75 | 55 |
| 7 | വ്യവസായത്തിനാവശ്യമുള്ളവ- പരമ്പരാഗത വ്യവസായ യൂണിറ്റുകൾ (കൈത്തറി ഷെഡ്, കയറുപിരി ഷെഡ്, കശുവണ്ടി ഫാക്ടറി ഷെഡ്, മത്സ്യസംസ്കരണ ഷെഡ്, മൺപാത്ര നിർമ്മാണ ഷെഡ്, കരകൌശല നിർമ്മാണ ഷെഡ്, കൈത്തൊഴിൽ ഷെഡ് തുടങ്ങിയവ ഉൾപ്പടെ | 6 | 10 | 6 |
| 8 | വ്യവസായത്തിനാവശ്യമുള്ളവ- കോഴി വളർത്തൽ ഷെഡ്, ലൈവ് സ്റ്റോക്ക് ഷെഡ്, പട്ടുനൂൽ ഷെഡ്, സ്റ്റോറേജ് ഷെഡ് | 8 | 12 | 8 |
| 9 | വ്യവസായത്തിനാവശ്യമുള്ളവ - ഇഷ്ടികച്ചൂള, തടിമിൽ | 20 | 30 | 20 |
| 10 | MSME Act 2006 പ്രകാരം, രജിസ്റ്റർ ചെയ്ത വ്യവസായ യൂണിറ്റുകളുടെ കെട്ടിടങ്ങൾ - മൈക്രോ സെക്ടർ | 12 | 22 | 12 |
| 11 | MSME Act 2006 പ്രകാരം, രജിസ്റ്റർ ചെയ്ത വ്യവസായ യൂണിറ്റുകളുടെ കെട്ടിടങ്ങൾ - സ്മാൾ സെക്ടർ | 12 | 22 | 12 |
| 12 | MSME Act 2006 പ്രകാരം, രജിസ്റ്റർ ചെയ്ത വ്യവസായ യൂണിറ്റുകളുടെ കെട്ടിടങ്ങൾ - മീഡിയം സെക്ടർ | 20 | 30 | 20 |
| 13 | ഇതര വ്യവസായ ആവശ്യത്തിനുള്ളവ | 45 | 65 | 45 |
| 14 | വിദ്യാഭ്യാസ ആവശ്യത്തിനുള്ളവ ( വിദ്യാഭ്യാസ സ്ഥാപനത്തിന്റെ കോമ്പൗണ്ടിൽ വരുന്നതും വിദ്യാഭ്യാസ ആവശ്യങ്ങൾക്ക് മാത്രമായി | 6 | 10 | 6 |

| | | | | |
|---|---|---|---|---|
| | ഉപയോഗിക്കുന്നതുമായ ആഡിറ്റോറിയം, കാന്റീൻ തുടങ്ങിയവ ഉൾപ്പടെ) | | | |
| 15 | ആശുപത്രി | 20 | 30 | 20 |
| 16 | അമ്യൂസ് മെന്റ് പാർക്കുകൾ | 25 | 45 | 25 |
| 17 | മൊബൈൽ ടെലഫോൺ ടവർ | 500 | 600 | 500 |
| 18 | ടെലി കമ്മ്യൂണിക്കേഷൻ പോൾ (ഓരോന്നിന്) | 450 | 600 | 450 |
| 19 | വാണിജ്യാവശ്യം- 100 ച.മീ വരെയുള്ളവ | 40 | 70 | 40 |
| 20 | വാണിജ്യാവശ്യം- 100 ച .മീ മുകളിൽ 500 ച.മീ വരെയുള്ളവ | 60 | 80 | 60 |
| 21 | വാണിജ്യാവശ്യം- 500 ച.മീ മുകളിൽ | 80 | 100 | 80 |
| 22 | വാണിജ്യാവശ്യം- മാളുകൾ | 80 | 100 | 80 |
| 23 | വാണിജ്യാവശ്യം- സ്വതന്ത്രമായി നിൽക്കുന്നതും മാറ്റി സ്ഥാപിക്കാനാകുന്നതുമായ ബങ്കുകൾ, പെട്ടിക്കടകൾ | 6 | 10 | 6 |
| 24 | അസംബ്ലി ബിൽഡിംഗ് (കൺവെൻഷൻ സെന്റർ, ഓഡിറ്റോറിയം, കല്യാണ മണ്ഡപം, സിനിമ തിയേറ്റർ തുടങ്ങിയവ ഉൾപ്പടെ ) | 25 | 40 | 25 |
| 25 | ഓഫീസ് കെട്ടിടങ്ങൾ - സർക്കാർ ഓഫീസുകൾ | 6 | 10 | 6 |
| 26 | ഓഫീസ് കെട്ടിടങ്ങൾ - മറ്റ് ഓഫീസ് കെട്ടിടങ്ങൾ | 40 | 60 | 40 |
| 27 | ഗോഡൗൺ ഉൾപ്പടെ സ്റ്റോറേജ് കെട്ടിടങ്ങൾ - 500ച. മീ വരെയുള്ളവ | 40 | 70 | 40 |
| 28 | ഗോഡൗൺ ഉൾപ്പടെ സ്റ്റോറേജ് കെട്ടിടങ്ങൾ - 500ച. മീറ്ററിന് മുകളിലുള്ളവ | 75 | 95 | 75 |
| 29 | സ്വിമ്മിംഗ് പൂളുകൾ, ജിംനേഷ്യങ്ങൾ, ടർഫുകൾ -ഫീസ് നൽകി പൊതുജനങ്ങൾക്ക് പ്രവേശിക്കാവുന്നവ/വാണിജ്യ സ്വഭാവത്തോട് കൂടിയവ | 25 | 45 | 25 |
| 30 | ആയുർവേദ സുഖ ചികിൽസാ കേന്ദ്രങ്ങൾ | 160 | 170 | 160 |

പുതിയ നിരക്കുകൾ സഞ്ചയയിൽ അപ്ഡേറ്റ് ചെയ്തിട്ടുണ്ട്. പുതുക്കിയ നിരക്കിലാണ് പഞ്ചായത്തിൽ വസ്തു നികുതി ഈടാക്കുന്നത്.

<u>തൊഴിൽ നികുതി</u>

പഞ്ചായത്ത് പരിധിയൽ വ്യാപാരലൈസൻസ് എടുത്ത എല്ലാ സ്ഥാപനങ്ങളിലെയും ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

<u>വാടക</u>

പഞ്ചായത്ത് ഷോപ്പിംഗ് കോംപ്ലക്സിലെ കടമുറികളുടെ വാടക പൂർണമായും പിരിച്ചെടുത്തിട്ടുണ്ട്. മാർക്കറ്റ്, ബസ് സ്റ്റാന്റ് പിരിവുകളും കൃത്യമായി നടത്തുന്നുണ്ട്.

**<u>1-11 തൊഴിൽ നികുതി - അപാകതകൾ</u>**

ചെറുവത്തൂർ ഗ്രാമപഞ്ചായത്തിലെ 2022-23 വർഷത്തെ തൊഴിൽ നികുതി രജിസ്റ്ററും പത്രികകളും പരിശോധിച്ചപ്പോൾ കണ്ടെത്തിയ അപാകതകൾ ചുവടെ കൊടുക്കുന്നു.

<u>സ്ഥാപന തൊഴിൽ  നികുതി ഈടാക്കിയിട്ടില്ല</u>

താഴെ കൊടുത്തിരിക്കുന്ന സ്ഥാപനങ്ങളുടെ സ്ഥാപന തൊഴിൽ  നികുതി ഈടാക്കിയതായി കാണുന്നില്ല.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | കാലയളവ് |
|---|---|---|
| 1 | ചെറുവത്തൂർ  വനിത സഹകരണ സംഘം | രണ്ടാം അർദ്ധവർഷം |
| 2 | മിനി മുത്തൂറ്റ് നിധി | ഒന്നാം അർദ്ധവർഷം |
| 3 | സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ, | ഒന്നാം അർദ്ധവർഷം |
| 4 | എച്ച്.ഡി.എഫ്.സി ബാങ്ക് | ഒന്നും രണ്ടും അർദ്ധവർഷം |
| 5 | റെയ്ഡ്കോ | രണ്ടാം അർദ്ധവർഷം |

മേൽ  സ്ഥാപനങ്ങളുടെ സ്ഥാപന തൊഴിൽ  നികുതി ഈടാക്കി രേഖകൾ  ഹാജരാക്കേണ്ടതാണ്

<u>എഫ് ടി ഇ &ഒ എസ് ലൈസൻസ് അനുവദിച്ച സ്ഥാപനങ്ങളിലെ ജീവനക്കാരിൽ  നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല</u>

ഓരോ അർദ്ധവർഷത്തിലും 60 ദിവസത്തിൽ  കുറയാത്ത കാലം പഞ്ചായത്ത് പ്രദേശത്ത് ഇടപാടുകൾ  നടത്തുന്ന ഏതൊരു സ്ഥാപനത്തിൽ  നിന്നും, ബിസ്സിനസ്സ് നടത്തുകയോ, തൊഴിലിലോ, കലയിലോ, ജോലിയിലോ ഏർപ്പെടുകയോ പൊതുവായോ,സ്വകാര്യമായോ എന്തെങ്കിലും ഉദ്യോഗം വഹിക്കുകയോ ചെയ്യുന്ന ഏതൊരാളിൽ നിന്നും തൊഴിൽ നികുതി ഈടാക്കേണ്ടതാണെന്ന് 1994 ലെ കേരളപഞ്ചായത്ത് രാജ് നിയമം വകുപ്പ് 204(1എ)) ,1996 ലെ കേരള പഞ്ചായത്ത് രാജ്(തൊഴിൽ  നികുതി) ചട്ടങ്ങളിലെ ചട്ടം3, 4 എന്നിവ അനുശാസിക്കുന്നു. എന്നാൽ 2022-23കാലയളവിൽ എഫ് ടി ഇ & ഒ ലൈസൻസ് എടുത്ത താഴെ പറയുന്ന വ്യാപാരസ്ഥാപനങ്ങളിലെ ജീവനക്കാരുടെ എണ്ണം സ്ഥാപന ഉടമ തന്നെ സാക്ഷ്യപ്പെടുത്തിയിട്ടുണ്ടെങ്കിലും ജീവനക്കാരിൽ  നിന്നും തൊഴിൽ  നികുതി ഈടാക്കുന്നതിനായി തൊഴിലുടമയോട് റിട്ടേൺ സമർപ്പിക്കാനാവശ്യപ്പെട്ടുകൊണ്ട് നോട്ടീസ് നൽകുകയോ നികുതി ഈടാക്കുകയോ ചെയ്തതിട്ടില്ല.

| ക്രമ നം | സ്ഥാപന ഉടമയുടെ പേര് | ലൈസൻസ് നം. | സംരംഭം | ജീവനക്കാരുടെ എണ്ണം |
|---|---|---|---|---|
| 1 | ശശികുമാർ.വി | 70 | ശലഭ സ്റ്റീൽ | 4 |
| 2 | ടി.സി.കുഞ്ഞബ്ദുള്ള | 77 | മുബാറക്ക് സോ മിൽ | 5 |
| 3 | സി.കെ.പി.മുഹമ്മദ് കുഞ്ഞി | 129 | ജനത സോ മിൽ | 4 |
| 4 | മധു.എം. | 139 | ചെറുവത്തൂർ ഫ്യൂവൽസ് | 7 |
| 5 | ജിത്തു ജോസ് | 141 | ചെറുവത്തൂർ ഓയിൽ ഇൻഡസ്ട്രീസ് | 6 |
| 6 | അബ്ദുൾ  ഹാഷിം | 254 | ഫാൽക്കൺ ബേയ്ക്ക്സ് | 12 |
| 7 | രമേശൻ.ടി | 428 | മണീസ് മോട്ടോർസ് | 8 |
| 8 | അരവിന്ദൻ | 431 | ഐസ് ബെർഗ് | 4 |
| 9 | പി.വി.ബിന്ദു | 470 | തുഷാര സൂപ്പർ മാർക്കറ്റ് | 5 |

| | | | | |
|---|---|---|---|---|
| 10 | മുഹമ്മദ് സബീർ | 486 | മലബാർ ടൈൽസ് | 4 |
| 11 | വിനോദ്.എം.ബി | 685 | ടെക്ക ഇന്റീരിയർ | 6 |
| 12 | ഫാറീഖ്.ഇ.പി | 688 | വൈറ്റ് റോസ് ഹൈപ്പർ മാർക്കറ്റ് | 5 |
| 13 | അബ്ദുൾ റാഫി.പി.വി | 719 | കിച്ചൺ കെയർ ഇലക്ട്രോണിക്സ് & ക്രോക്കറി | 5 |
| 14 | അന്ത്രുമാൻകുഞ്ഞി എട്ടില്ലത്ത് | 722 | റൈറ്റ്സ് & തണൽ | 9 |
| 15 | സുലൈമാൻ വലിയ പീടികയിൽ | 830 | ഫാൻസ് സൂപ്പർ മാർക്കറ്റ് | 8 |

മേൽ പരാമർശിച്ച സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കി വിവരം അറിയിക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നം. 13/22-23തീയതി: 23.12.2023)

**1-12 ലൈസൻസ് ഫീ - അപാകതകൾ**

ചെറുവത്തൂർ ഗ്രാമപഞ്ചായത്തിന്റെ 2022-23വർഷത്തെ ലൈസൻസ് രജിസ്റ്ററും അപേക്ഷകളും പരിശോധിച്ചപ്പോൾ ലൈസൻസ് ഫീ ഈടാക്കിയതിൽ ചില അപാകതകൾ ശ്രദ്ധയിൽപ്പെടുകയുണ്ടായി. വിശദ വിവരം ചുവടെ കൊടുക്കുന്നു.

| ക്രമ നം. | ലൈസൻസ് നം., അപേക്ഷകന്റെ പേര്, വിശദാംശങ്ങൾ | രസീത് നം., തീയതി | മൂലധന നിക്ഷേപം സംബന്ധിച്ച വിശദാംശങ്ങൾ | ഈടാക്കിയ തുക | ഈടാക്കേണ്ടിയിരുന്ന തുക | കുറവ് വന്ന തുക |
|---|---|---|---|---|---|---|
| 1 | നം.59 - ഷാഹുൽ ഹമീദ്.പി ദേവി ഏജൻസീസ് | 1210104948 /22.02.22 | അപേക്ഷ പ്രകാരം മൂലധന നിക്ഷേപം- 2,00,00,000 | 4,000 | 5,000 | 1,000 |
| 2 | നം.60- ടെറി ജോൺ, ജെ.കെ.റസിഡൻസി | 1210104940/ 22.02.2022 | അപേക്ഷ പ്രകാരം മൂലധന നിക്ഷേപം- 50,00,000 | 1,000 | 5,000 | 4,000 |
| 3 | നം.141- ജിത്തു ജോസ് ചെറുവത്തൂർ ഓയിൽ ഇൻഡസ്ട്രീസ് | 1210105173/ 02.03.2022 | അപേക്ഷ പ്രകാരം മൂലധന നിക്ഷേപം- 35,00,000 | 500 | 5,000 | 4,500 |
| 4 | No.280- ഷബീർ.ഇ.എം.പി സ്മാർട്ട് ഹോം ട്രേഡിംഗ് | 1210105714/ 22.03.22 | അപേക്ഷ പ്രകാരം മൂലധന നിക്ഷേപം- 20,00,000 | 500 | 1,000 | 500 |
| 5 | No.304- പാലായി മുഹമ്മദ് കുഞ്ഞി ഇ-പ്ലാനറ്റ് | 1210105768/ 24.03.22 | അപേക്ഷ പ്രകാരം മൂലധന നിക്ഷേപം- 50,00,000 | 4000 | 5,000 | 1,000 |
| 6 | No.624- കെ.വിശ്വനാഥൻ പാക്കനാർ ഓഫ് സെറ്റ് | 1210100952/ 10.06.22 | അപേക്ഷ പ്രകാരം മൂലധന നിക്ഷേപം- 1,20,00,000 | 500 | 5,000 | 4,500 |
| 7 | N0.677 ലത.പി പാക്കനാർ ഡിസൈൻസ് | 1220100954/ 10.06.22 | അപേക്ഷ പ്രകാരം മൂലധന നിക്ഷേപം- 20,00,000 | 200 | 1000 | 800 |
| ആകെ | | | | | | 16,300 |

കുറവു വന്ന തുക ലൈസൻസികളിൽ നിന്നും ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.
(ഓഡിറ്റ് എൻക്വയറി നം.15/23.12.2023)

**1-13 അതിദരിദ്ര കുടുംബങ്ങൾക്ക് വീൽചെയർ വാങ്ങൽ പദ്ധതി - മുൻകൂർ തുക നൽകിയിട്ടും വീൽചെയർ ലഭ്യമാക്കിയിട്ടില്ല.**

| | |
|---|---|
| പ്രോജക്റ്റ് നമ്പർ | 235/2023 |
| പ്രോജക്റ്റിന്റെ പേര് | അതിദരിദ്ര കുടുംബങ്ങൾക്ക് വീൽചെയർ വാങ്ങൽ |
| വകയിരുത്തൽ | തനത് ഫണ്ട് ₹ 50,000/- |
| ചെലവഴിച്ച തുക | തനത് ഫണ്ട് ₹ 5595/- |
| വൗച്ചർ നമ്പർ | 22201285 തീയ്യതി.15.03.2023 തുക ₹ 5595/- |
| നിർവ്വഹണോദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ,എഫ് എച്ച് സി, തുരുത്തി |

മേൽ പദ്ധതിയുടെ നടത്തിപ്പിന്റെ ഭാഗമായി ഒരു വീൽചെയർ ലഭ്യമാക്കുന്നതിനായി കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷന്റെ പ്രോഫോർമ ഇൻവോയിസിന്റെ അടിസ്ഥാനത്തിൽ (Proforma Invoice No.PRF5089 തീയ്യതി.08.03.2023) 5595/- രൂപ 2023 മാർച്ച് മാസത്തിൽ കൈമാറിയിട്ടുണ്ട് (അക്കൗണ്ട് നം.3624001800000019, പഞ്ചാബ് നാഷണൽ ബാങ്ക്). എന്നാൽ നാളിതുവരെ വീൽ ചെയർ ലഭ്യമാക്കിയിട്ടില്ല. വീൽചെയർ ലഭ്യമാക്കിയതിന്റെ ബിൽ, സ്റ്റോക്ക് വിവരം, വിതരണം ചെയ്തതിന്റെ വിവരങ്ങൾ എന്നിവ പരിശോധനയ്ക്കായി ഹാജരാക്കാൻ ഓഡിറ്റ് എൻക്വയറി മുഖാന്തിരം ആവശ്യപ്പെട്ടുവെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല (ഓഡിറ്റ് എൻക്വയറി നം. 12/23.12.2023). ഇക്കാരണത്താൽ ചെലവ് തുകയായ 5595/- രൂപ തടസ്സത്തിൽ വയ്ക്കുന്നു.വീൽ ചെയർ അടിയന്തിരമായി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

**1-14 പാലിയേറ്റീവ് കെയർ പദ്ധതി - ചെലവ് രേഖകൾ പരിശോധനയ്ക്കായി ഹാജരാക്കിയില്ല.**

| | |
|---|---|
| പ്രോജക്റ്റ് നമ്പർ | 20/2023 |
| പ്രോജക്റ്റിന്റെ പേര് | പാലിയേറ്റീവ് കെയർ പദ്ധതി |
| വകയിരുത്തൽ | വികസന ഫണ്ട് (സാധാ) ₹ 826797/- |
| | തനത് ഫണ്ട് ₹ 50,000/- |
| | ബ്ലോക്ക് പഞ്ചായത്ത് ₹ 1,00,000/- |
| | ജില്ലാ പഞ്ചായത്ത് ₹ 1,00,000/- |
| ചെലവഴിച്ച തുക | വികസന ഫണ്ട് (സാധാ) ₹ 8,26,797/- |
| | തനത് ഫണ്ട് ₹ 50,000/- |
| | ബ്ലോക്ക് പഞ്ചായത്ത് ₹ 1,00,000/- |
| | ജില്ലാ പഞ്ചായത്ത് ₹ 1,00,000/- |
| നിർവ്വഹണോദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, എഫ് എച്ച് സി, തുരുത്തി |

A) മേൽ പ്രോജക്റ്റിന്റെ നടത്തിപ്പിന്റെ ഭാഗമായി പാലിയേറ്റീവ് കുടുംബസംഗമം നടത്തിയ വകയിൽ ഓമന കെ, പാലിയേറ്റീവ് നഴ്സിന് വൗച്ചർ നം.766807/31.03.2023 പ്രകാരം 25,000/- രൂപ താഴെക്കൊടുത്തിരിക്കുന്ന ചെലവുകൾക്കായി നൽകിയിട്ടുണ്ട് (അക്കൗണ്ട് നമ്പർ.0749101054364 കാനറ ബാങ്ക്).

| ക്രമ നമ്പർ | ചെലവിനം | തുക | റിമാർക്സ് |
|---|---|---|---|
| 01 | ഭക്ഷണ ചെലവ് | 23,100 | കുട്ടമത്ത് ശ്രീ പൂമാല ഭഗവതി |

| | | | |
|---|---|---|---|
| | | | ക്ഷേത്രത്തിന്റെ 14.01.2023 ലെ ബിൽ |
| 02 | ഫോട്ടോ ചെലവ് | 950 | ഷീബ ഡിജിറ്റൽ സ്റ്റൂഡിയോയുടെ 112 നം. ബിൽ. |
| 03 | ബാനർ & നോട്ടീസ് ചെലവ് | 950 | സൊസൈറ്റി പ്രസ്, ചെറുവത്തൂർ-ന്റെ 13.01.2023 ലെ 13549 നം. ബിൽ. |
| | ആകെ | 25,000 | |

മേൽ ചെലവ് രേഖകൾ പരിശോധിച്ചതിൽ താഴെക്കൊടുത്തിരിക്കും വിധം അപാകതകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

I) കുടുംബസംഗമത്തിൽ പങ്കെടുത്ത ആൾക്കാരുടെ വിവരങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

Ii) ഭക്ഷണം നൽകിയതിന്റെ തുക ശ്രീ പൂമാല ഭഗവതി ക്ഷേത്രത്തിന് ബാങ്ക് അക്കൗണ്ട് വഴിയല്ല കൈമാറിയിരിക്കുന്നത്. മാത്രമല്ല 22,000/- രൂപ കിട്ടി ബോധിച്ചു എന്ന് അക്കത്തിലും അക്ഷരത്തിലും വ്യക്തമായി എഴുതിയ പൂമാല ഭഗവതി ക്ഷേത്രം സെക്രട്ടറിയുടെ രശീതിയുടെ അവസാന ഭാഗത്ത് തിരുത്തൽ വരുത്തി 23,100/- രൂപ എന്നാക്കി പ്രസ്തുത തുകയാണ് പാലിയേറ്റീവ് നഴ്സിന് കൈമാറിയിരിക്കുന്നത്. രശീതിയിൽ തിരുത്തൽ വരുത്തിയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

Iii) കുടുംബസംഗമത്തിന്റെ ഫോട്ടോ എടുക്കുന്നതിനായി 950/- രൂപ ഷീബ ഡിജിറ്റൽ സ്റ്റൂഡിയോയ്ക്ക് നൽകിയിരുന്നെങ്കിലും ഫോട്ടോ തെളിവുകൾ ഒന്നും തന്നെ ഫയലിൽ കാണുന്നില്ല.
മേൽ അപാകതകളുടെ അടിസ്ഥാനത്തിൽ ചെലവ് തുകയായ 25,000/- രൂപ തടസ്സപ്പെടുത്തുന്നു.

B) ബിൽ നം.2220035201700l126988/02.02.2023 പ്രകാരം 2023 ജനുവരി മാസത്തെ ഭക്ഷണ ചെലവിനത്തിൽ 5100/- രൂപ ഓമന കെ,പാലിയേറ്റീവ് നഴ്സിന് നൽകിയിട്ടുണ്ട് (അക്കൗണ്ട് നമ്പർ.0749101054364 കാനറ ബാങ്ക്). എന്നാൽ ചെലവ് രേഖകൾ പരിശോധനയ്ക് ഹാജരാക്കിയിട്ടില്ല. രേഖകളുടെ അഭാവത്തിൽ ചെലവഴിച്ച 5100/-രൂപ തടസ്സപ്പെടുത്തുന്നു.

C) ബിൽ നം.222003520170015l5812/28.03.2023 പ്രകാരം മരുന്ന് ലഭ്യമാക്കുന്നതിനായി സപ്ലൈകോ യ്ക്ക് 80,222/- രൂപ നൽകിയിട്ടുണ്ട് (അക്കൗണ്ട് നമ്പർ.14130200015732 ഫെഡറൽ ബാങ്ക്). വടകര സപ്ലൈകോ മാനേജർക്ക് 28.03.2023 തീയ്യതിയിലെ 54/23 നം. സപ്ലൈ ഓർഡർ പ്രകാരം മേൽ തുകയ്ക്ക് 41 ഇനം മരുന്നുകൾ വിതരണം ചെയ്യാൻ മെഡിക്കൽ ഓഫീസർ ആവശ്യപ്പെട്ടിട്ടുണ്ട്. എന്നാൽ മരുന്ന് ലഭ്യമാക്കിയതിന്റെ ബിൽ, സ്റ്റോക്ക് വിവരം, വിതരണ വിവരം എന്നിവ ഹാജരാക്കിയിട്ടില്ല. രേഖകളുടെ അഭാവത്തിൽ ചെലവഴിച്ച 80,222/-രൂപ തടസ്സപ്പെടുത്തുന്നു.

D) ബിൽ നം.2220035201700l515651/28.03.2023 പ്രകാരം 2023 മാർച്ച് മാസത്തെ ഭക്ഷണ ചെലവിനത്തിൽ 5,200/- രൂപ രഞ്ജിത്ത് എ വി, ഡ്രൈവർക്ക് നൽകിയിട്ടുണ്ട് (അക്കൗണ്ട് നമ്പർ.672202010006796 യൂണിയൻ ബാങ്ക്). എന്നാൽ ചെലവ് രേഖകൾ പരിശോധനയ്ക് ഹാജരാക്കിയിട്ടില്ല. രേഖകളുടെ അഭാവത്തിൽ ചെലവഴിച്ച 5100/- രൂപ തടസ്സപ്പെടുത്തുന്നു. (ഓഡിറ്റ് എൻക്വയറി നം. 12/23.12.2023).
മേൽ പരാമർശിച്ച ചെലവുകളുമായി ബന്ധപ്പെട്ട രേഖകൾ പരിശോധനയ്ക് ഹാജരാക്കേണ്ടതാണ്.

**1-15 ലൈഫ് ഭവന പദ്ധതി - യൂണിറ്റ് കോസ്റ്റിൽ അധികരിച്ച് ഗുണഭോക്താവിന് 68,131/- രൂപ നൽകി.**

| | |
|---|---|
| പ്രോജക്റ്റ് നമ്പർ | 69/2023 |
| പ്രോജക്റ്റിന്റെ പേര് | ലൈഫ് ഭവന പദ്ധതി - പട്ടിക ജാതി |
| യൂണിറ്റ് കോസ്റ്റ് | 4,00,000/- |
| വകയിരുത്തൽ | വികസന ഫണ്ട്( എസ് സി പി) 15,11,814/- |

| | |
|---|---|
| | സംസ്ഥാനാവിഷ്കൃത ഫണ്ട് 13,00,000/- |
| | മറ്റ് ബ്ലോക്ക് പഞ്ചായത്ത് 8,00,000/- |
| | മറ്റ് ജില്ലാ പഞ്ചായത്ത് 10,00,000/- |
| | മറ്റുള്ളവ 5,88,186/- |
| ചെലവഴിച്ച തുക | വികസന ഫണ്ട്( എസ് സി പി) 15,11,814/- |
| | മറ്റ് ബ്ലോക്ക് പഞ്ചായത്ത് 2,28,131/- |
| നിർവ്വഹണോദ്യോഗസ്ഥൻ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (ചെറുവത്തൂർ സർക്കിൾ) |

പട്ടിക ജാതി വിഭാഗക്കാർക്ക് ഭവന നിർമ്മാണത്തിനായി വിഭാവനം ചെയ്ത മേൽ പ്രോജക്റ്റ് പ്രകാരമുള്ള ഫയലുകളും സ്കീം രജിസ്റ്ററും പരിശോധിച്ചതിൽ താഴെക്കൊടുത്തിരിക്കുന്ന ഗുണഭോക്താവിന് ധനസഹായമിനത്തിൽ അധികം തുക നൽകിയതായി കാണുന്നു. വിശദാംശങ്ങൾ താഴെക്കൊടുക്കുന്നു.

| ഗുണഭോക്താവിന്റെ പേരും മേൽവിലാസവും | അനുവദിച്ച ധനസഹായം | തുക ബാങ്കിൽ വരവ് വന്ന തീയ്യതി | ബിൽ നമ്പർ & തീയ്യതി |
|---|---|---|---|
| സുന്ദരൻ പി എം W/O പ്രീത പി കാടങ്കോട് തുരുത്തി പി ഒ (ലൈഫ് ഐ ഡി നം.623985) (അക്കൗണ്ട് നമ്പർ. 40436100011119 കേരള ഗ്രാമീൺ ബാങ്ക്,ചെറുവത്തൂർ ബ്രാഞ്ച്) | 40,000 | 21.02.2023 | 22200352017301184801 തീയ്യതി.14.02.2023 |
| | 96,638 | 22.03.2023 | 22200352017301361624 തീയ്യതി.15.03.2023 |
| | 63,362 | 31.03.2023 | 22200352017301517617 തീയ്യതി.28.03.2023 |
| | 68,131 | 31.03.2023 | 22200352017301571229 തീയ്യതി.30.03.2023 |
| | 1,00,000 | 27.06.2023 | വൗച്ചർ നം.22300299 തീയ്യതി.21.06.2023 |
| | 50,000 | 03.08.2023 | 22200352017300349948 തീയ്യതി.22.07.2023 |
| | 50,000 | 01.12.2023 | 22200352017300856712 തീയ്യതി.28.11.2023 |
| ആകെ നൽകിയ ധനസഹായം | **4,68,131/-** | | |

28.05.2022 ലെ സ ഉ(കൈ)നം.115/2022/തസ്വഭവ ഉത്തരവ് പ്രകാരവും മേൽ പ്രോജക്റ്റിലെ നിബന്ധനകൾ പ്രകാരവും യൂണിറ്റ് കോസ്റ്റിനത്തിൽ 4,00,000/- രൂപയാണ് ആകെ നിശ്ചയിച്ചിട്ടുള്ളത്. എന്നാൽ മേൽ പട്ടികയിലെ വിവരങ്ങൾ പ്രകാരം 2023-24 സാമ്പത്തിക

വർഷത്തിൽ ഉൾപ്പെടെ ഗുണഭോക്താവിന് ആകെ 4,68,131/- രൂപ നൽകിയതായി കാണുന്നുണ്ട്. 68,131/- രൂപ അധികം നൽകിയതിന് വിശദീകരണം ലഭ്യമാക്കാൻ ഓഡിറ്റ് എൻക്വയറി മുഖാന്തിരം ആവശ്യപ്പെട്ടിരുന്നുവെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല (ഓഡിറ്റ് എൻക്വയറി നം. 01/20.12.2023). വിശദീകരണത്തിന്റെ അഭാവത്തിൽ ഓഡിറ്റ് വർഷം ചെലവഴിച്ച 2,68,131/- രൂപ തടസ്സത്തിൽ വയ്ക്കുന്നു. അധികം നൽകിയ 68,131/- രൂപ ഗുണഭോക്താവിൽ നിന്നും ഈടാക്കാത്ത പക്ഷം ഉത്തരവാദിയായ ഉദ്യോഗസ്ഥയിൽ നിന്നും ഈടാക്കി വിവരം അറിയിക്കേണ്ടതാണ്. അല്ലാത്ത പക്ഷം പ്രസ്തുത വിഷയം 2023-24 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തി അധികം നൽകിയ തുകയ്ക്ക് നിർവ്വഹണോദ്യോഗസ്ഥയ്ക്കെതിരെ സർചാർജ് നടപടികൾ സ്വീകരിക്കുന്നതാണ്.

**1-16 ഹോമിയോ ഡിസ്പൻസറിക്ക് മരുന്ന് വാങ്ങൽ - തുക മുൻകൂറായി നൽകിയിട്ടും മുഴുവൻ മരുന്നുകളും ലഭ്യമാക്കിയിട്ടില്ല.**

| | |
|---|---|
| പ്രോജക്റ്റ് നമ്പർ | 97/2023 |
| പ്രോജക്റ്റിന്റെ പേര് | ഹോമിയോ ഡിസ്പൻസറിക്ക് മരുന്ന് വാങ്ങൽ |
| വകയിരുത്തൽ | മെയിന്റനൻസ് ഫണ്ട്(റോഡിതരം) ₹ 3,89,462/- |
| | തനത് ഫണ്ട് ₹ 10,538/- |
| ചെലവഴിച്ച തുക | മെയിന്റനൻസ് ഫണ്ട്(റോഡിതരം) ₹ 3,89,462/- |
| | തനത് ഫണ്ട് ₹ 10,538/- |
| ബിൽ/വൗച്ചർ നമ്പർ & തീയ്യതി | ബിൽ നം. 22200352020100614853/07.10.2022 തുക ₹ 3,89,462/- |
| | വൗച്ചർ നം. 22200766/17.10.2022 തുക 10,538/- |
| നിർവ്വഹണോദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ (ഹോമിയോ) |

മേൽ പ്രോജക്റ്റിന്റെ ഭാഗമായി മരുന്ന് ലഭ്യമാക്കുന്നതിനായി കേരള സ്റ്റേറ്റ് ഹോമിയോപതിക് കോ-ഓപ്പറേറ്റീവ് ഫാർമസി ലിമിറ്റഡ് (ഹോംകോ), ആലപ്പുഴ എന്ന സ്ഥാപനത്തിന് 4,00,000/- രൂപ മുൻകൂറായി നൽകിയിരുന്നു. എന്നാൽ 3,89,462/- രൂപയുടെ മരുന്നുകൾ മാത്രമേ നാളിതു വരെയായി ലഭ്യമാക്കിയിട്ടുള്ളു. വിശദാംശങ്ങൾ താഴെക്കൊടുക്കുന്നു.

| ക്രമ നമ്പർ | ഹോംകോ ലഭ്യമാക്കിയ മരുന്നിന്റെ ടാക്സ് ഇൻവോയിസ് നമ്പർ | ലഭ്യമാക്കിയ മരുന്നിന്റെ വില |
|---|---|---|
| 01 | LF – 303 തീയ്യതി.19.06.2023 | 1,61,524/- |
| 02 | LF – 1600 തീയ്യതി.04.10.2023 | 2,27,938/- |
| | ആകെ | 3,89,462/- |

അവശേഷിക്കുന്ന 10,538/- രൂപയുടെ മരുന്നുകൾ ലഭ്യമാക്കാൻ സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ അറിയിക്കാൻ ഓഡിറ്റ് എൻക്വയറി മുഖാന്തിരം ആവശ്യപ്പെട്ടിരുന്നെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല (ഓഡിറ്റ് എൻക്വയറി നം. 02/20.12.2023). മരുന്ന് മുഴുവനായും ലഭ്യമാക്കി സ്റ്റോക്ക് വിവരം ഹാജരാക്കുന്നത് വരെ 10,538/- രൂപ തടസ്സത്തിൽ വയ്ക്കുന്നു.

**1-17 തെരുവുവിളക്കുകളുടെ എ.എം.സി-പദ്ധതി നടത്തിപ്പിലെ അപാകത.**

| | |
|---|---|
| പ്രോജക്ടിന്റെ പേര്/ നമ്പർ | So 137/23, തെരുവുവിളക്കുകളുടെ എ.എം.സി, |

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| വകയിരുത്തിയ തുക | ₹ 4,00,000 (തനത് ഫണ്ട്) |
| ചെലവു തുക | ₹ 3,74,891 (തനത് ഫണ്ട്)<br>₹ 2,34,131 (വൗച്ചർ നം.22201004 തീ.6.1.2023) +<br>₹ 1,40,760 (വൗച്ചർ നം.22201453 തീ.31.3.2023) |

ഗ്രാമപഞ്ചായത്ത് തെരുവ് വിളക്കുകളുടെ അറ്റകുറ്റപ്പണിക്കായി പ്രോജക്ട് പ്രകാരം 3,74,891 രൂപ ചെലവഴിച്ചിട്ടുണ്ട്. ഗ്രാമകിരണം മുഖേനയാണ് പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്. മേൽ പ്രോജക്ട് നിർവ്വഹണത്തിൽ താഴെ കൊടുത്തിരിക്കുന്ന അപാകതകൾ കാണുന്നു.

1. പ്രോജക്ടിൽ മുൻ വർഷങ്ങളിൽ സ്ഥാപിച്ചതിൽ പ്രവർത്തിക്കാത്ത വിളക്കുകൾ മാറ്റി സ്ഥാപിക്കാനാണോ പുതിയ തെരുവുവിളക്കുകൾ സ്ഥാപിക്കാനാണോ പദ്ധതി ലക്ഷ്യമിടുന്നതെന്ന് വ്യക്തമല്ല. ഗ്രാമകിരണം നല്കിയ 1,40,760 രൂപയുടെ ബില്ല് പരിശോധനയ്ക്ക് ഹാജരാക്കിയിരുന്നുവെങ്കിലും 2,34,131 രൂപയുടെ ബില്ല് ഹാജരാക്കിയിട്ടില്ല.

2. പദ്ധതി ആസൂത്രണത്തിനു മുൻപ് ഗ്രാമപഞ്ചായത്തിൽ നിലവിലുള്ള പ്രവർത്തിക്കുന്നതും പ്രവർത്തിക്കാത്തതുമായ തെരുവ് വിളക്കുകളുടെ കണക്കെടുപ്പ് നടത്തിയതായി കാണുന്നില്ല. കെ എസ് ഇ ബി യുമായി ചേർന്ന് സംയുക്ത പരിശോധന നടത്തി വിവര ശേഖരണം നടത്തുവാൻ സർക്കാർ നിർദ്ദേശമുള്ളതാണെങ്കിലും ആയത് നടത്തിയിട്ടില്ല (ഗവ. സർക്കുലർ നം. 3055/ഡി.എ).3 /2011/തസ്വഭവ തി. 15.09.2011). അസിസ്റ്റന്റ് എഞ്ചിനീയർ കൺവീനറായുള്ള പൊതുമരാമത്ത് വർക്കിംഗ് ഗ്രൂപ്പിന്റെയോ വികസനകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയോ പ്രോജക്റ്റ് രൂപീകരിയ്കുന്നവേളയിൽ തെരുവു വിളക്കുകളുടെയും അനുബന്ധ ഉപകരണങ്ങളുടെയും ആവശ്യകത വിലയിരുത്തിയിട്ടില്ല.

3. മുൻവർഷങ്ങളിൽ സ്ഥാപിച്ച ഏതെല്ലാം ലൈറ്റുകളാണ് മാറ്റി സ്ഥാപിച്ചതെന്നോ അത്തരം ലൈറ്റുകളുടെ വാറണ്ടി കാലാവധി സംബന്ധിച്ചോ വിവരം ലഭ്യമല്ല. പദ്ധതി പ്രകാരം സ്ഥാപിച്ച തെരുവുവിളക്കുകളുടെ വാർഡ് തിരിച്ച്, ഇനം, വിവരം, ലൊക്കേഷൻ, വാറണ്ടി വിവരങ്ങൾ എന്നിവ ഉൾപ്പെടുത്തി തെരുവുവിളക്ക് രജിസ്റ്റർ കൃത്യമായി സൂക്ഷിച്ചിട്ടില്ല. എല്ലാ വാർഡിലും നിലവിലുള്ള വിളക്കുകൾ (പ്രവർത്തിക്കുന്നതും/പ്രവർത്തിക്കാത്തതും) സംബന്ധിച്ച്, മിനി/ഹൈ മാസ്റ്റ് ലെറ്റുകൾ ഉൾപ്പെടെ മുഴുവൻ വിവരവും രേഖപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.

4. തെരുവു വിളക്കുകളുടെ പരിപാലനവുമായി ബന്ധപ്പെട്ട് എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും 15.09.2011 – ലെ 3055/ഡി.എ-3/2011/ ത.സ്വ.ഭ.വ. നമ്പർ സർക്കുലറിലെ മാനദണ്ഡങ്ങൾ കർശനമായും പാലിക്കണമെന്ന് സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട് (സർക്കുലർ നം.269/ഡി.എ-3/2018 /ത.സ്വ.ഭ.വ./തീയതി 29.05.2018). ഇതനുസരിച്ച് കരാറുകാരൻ കെ.എസ്.ഇ.ബി യിലെ ബന്ധപ്പെട്ട ഇലക്ട്രിക്കൽ സെക്ഷനിലെ അസിസ്റ്റന്റ് എഞ്ചിനീയറുടെ അംഗീകാരത്തോടെയും, കെ.എസ്.ഇ.ബി. ജീവനക്കാരുടെ മേൽനോട്ടത്തിലും പ്രവൃത്തി നിർവ്വഹിക്കേണ്ടതാണ്. എന്നാൽ ഇപ്രകാരം പ്രവൃത്തി നിർവ്വഹിച്ചതിന് കെ. എസ്. ഇ. ബി യിൽ നിന്നുള്ള അനുമതിപത്രം ലഭ്യമാക്കിയിട്ടില്ല.

5. തെരുവുവിളക്കുകളുടെ പരിപാലനം സംബന്ധിച്ച് പഞ്ചായത്ത് ഡയറക്ടറുടെ 17.08.2015 ലെ ജി2-44274/16 നം. കത്തിൽ പരാമർശിച്ചതിൽ പ്രകാരം തെരുവ് വിളക്കുകൾ സ്ഥാപിക്കുന്ന വേളയിൽ പ്രവർത്തനരഹിതമായ വിളക്കുകളും അനുബന്ധ ഉപകരണങ്ങളും പോസ്റ്റിൽ നിന്ന് മാറ്റി പഞ്ചായത്തിൽ തിരികെ ഏൽപ്പിക്കേണ്ടതും ആയതിന്റെ വിവരം പ്രത്യേകമായി രജിസ്റ്റർ ഓഫ് അൺസർവ്വീസബിൾ ഐറ്റംസ് എന്ന രജിസ്റ്ററിൽ ചേർക്കേണ്ടതുമാണ്. എന്നാൽ പ്രവർത്തന രഹിതമായ ഉപകരണങ്ങളുടെ കണക്കുകൾ ലഭ്യമാക്കിയിട്ടില്ല. (കരാർ ഉടമ്പടി നിബന്ധന 38)

6. LED ബൾബുകൾ എത്ര എണ്ണം നന്നാക്കിയതായുള്ള/മാറ്റി സ്ഥാപിച്ചതായുള്ള പഞ്ചായത്ത് അംഗങ്ങളുടെ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിലാണ് കരാറുകാരന് തുക നൽകിയിട്ടുള്ളത്. സാക്ഷ്യപത്രത്തിൽ പോസ്റ്റുകളുടെ എണ്ണം രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ഗ്രാമപഞ്ചായത്ത് പ്രദേശത്തെ മുഴുവൻ പോസ്റ്റുകളുടെയും വിവരങ്ങൾ ഉൾപ്പെടുത്തി രജിസ്റ്റർ സൂക്ഷിച്ചിട്ടില്ലാത്തതിനാൽ കൃത്യത ഉറപ്പാക്കാൻ കഴിയുന്നില്ല.

7. ഗ്രാമപഞ്ചായത്തിലെ തെരുവ് വിളക്കുകളുടെ എണ്ണം, ഇനം എന്നിവ സംബന്ധിച്ച വിശദാംശങ്ങൾ ഹാജരാക്കിയിട്ടില്ല. കെ.എസ്.ഇ.ബിയുമായി സംയുക്തപരിശോധന നടത്തിയതിന്റെ രേഖകളും ഹാജരാക്കിയിട്ടില്ല. പരാതി രജിസ്റ്റർ, മെയിന്റനൻസ് രജിസ്റ്റർ എന്നിവ സൂക്ഷിച്ചിട്ടില്ല.

8. കരാർ നിബന്ധന 5 പ്രകാരം വിളക്കുകൾക്ക് 2 വർഷം വാറണ്ടി ഉണ്ട്. വാറണ്ടി പിരീഡിൽ തെരുവുവിളക്കുകൾക്ക് ഉണ്ടാകുന്ന സാങ്കേതിക തകരാറുകൾ സ്ഥാപനം പരിഹരിക്കേണ്ടതാണ്. ഈ ആവശ്യം മുൻനിർത്തി പൊതുജനങ്ങൾക്ക് പദ്ധതി നടത്തിപ്പ് സംബന്ധിച്ച് പരാതികൾ നൽകുന്നതിനായി ഗ്രാമപഞ്ചായത്തിൽ പരാതി പുസ്തകം സൂക്ഷിക്കണം എന്ന് ജി2-44274/2015 തി. 17.08.2015 പ്രകാരം നിർദ്ദേശമുള്ളതാണ്. പൊതു ജനങ്ങൾക്കും, മെമ്പർമാർക്കും ഉൾപ്പെടെ തെരുവു വിളക്കുകളുടെ കംപ്ലയിന്റുകൾ രേഖപ്പെടുത്തുന്നതിന് കംപ്ലയിന്റ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിനു വേണ്ടി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (11/23.12.2023) മറുപടി നല്കിയിട്ടില്ല. ആയതിനാൽ മേൽ പദ്ധതിക്ക് വേണ്ടി ചെലവഴിച്ച 3,74,891/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ക്രമ നം 1 മുതൽ 8 വരെയുള്ള കാര്യങ്ങൾ സാധൂകരിക്കുന്നതിനാവശ്യമായ രേഖകളും രജിസ്റ്ററുകളും പരിശോധനയ്ക്ക് ഹാജരാക്കി പരാമർശം ഒഴിവാക്കേണ്ടതാണ്.

**1-18 കേരള വാട്ടർ അതോറിറ്റിക്ക് കുടിവെള്ള ചാർജ്ജ് - വികസന ഫണ്ടിൽ നിന്നും ധനകാര്യ കമ്മീഷൻ ഗ്രാന്റിൽ നിന്നും അനുവദിച്ചത് -അപാകത.**

| | |
|---|---|
| പ്രോജക്റ്റ് നം. | 001/2022-23, കേരള വാട്ടർ അതോറിറ്റിയിൽ കുടിവെള്ളക്കരം അടക്കൽ. |
| വിനിയോഗിച്ച തുക, 19,95,082 രൂപ. | 16,21,740 രൂപ (ധനകാര്യ കമ്മീഷൻ ഗ്രാന്റ് ) |
| | 3,73,342 രൂപ ( വികസന ഫണ്ട്). |

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പദ്ധതി പ്രകാരം ഗ്രാമപഞ്ചായത്തിലെ പൊതു ടാപ്പുകളുടെ 2022-23 വർഷത്തെ കുടിവെള്ള ചാർജ്ജ് ഇനത്തിൽ 16,21,740/- രൂപ ധനകാര്യ കമ്മീഷൻ ഗ്രാന്റിൽ നിന്നും (ടൈഡ് ഫണ്ട്), 3,73,342/- രൂപ വികസന ഫണ്ടിൽ നിന്നും ചെലവഴിച്ചിട്ടുണ്ട്. പതിനഞ്ചാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് ധനവിനിയോഗ മാർഗ്ഗരേഖ സ.ഉ(കൈ) നം.103/2020 തസ്വഭവ തി. 30.6.2020 ഖ. 5.3 പ്രകാരം ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ടൈഡ്) വിനിയോഗിക്കേണ്ട മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ഇതനുസരിച്ച് ഗ്രാമ പഞ്ചായത്തുകളിൽ (A) ശുചിത്വം, ഖരമാലിന്യ സംസ്കരണം, ODFപദ്ധതികൾ നിലനിർത്തലും പുതിയവയും, (B) കുടിവെള്ള പ്രൊജക്ടുകൾ, മഴവെള്ള കൊയ്ത്ത്, ജലസംരക്ഷണം, ജലസ്രോതസ്സുകളുടെ പരിപോഷണം എന്നീ മേഖലകളിൽ ഉൾപ്പെടുന്ന പദ്ധതികൾ ഏറ്റെടുക്കാവുന്നതാണ്. കാസറഗോഡ് ജില്ലാ പഞ്ചായത്ത് പ്രസിഡണ്ടിന്റെ അഭ്യർത്ഥനയെ തുടർന്ന് ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ടൈഡ്) വിനിയോഗിക്കുന്നത് സംബന്ധിച്ച് ചില ഇളവുകൾ ഉൾപ്പെടുത്തി സർക്കാർ ഉത്തരവായിട്ടുണ്ട് (സ.ഉ.(സാധ) നം.538/22/LSGD തി.07.03.2022). ഇതനുസരിച്ച് ഗ്രാമപഞ്ചായത്തുകൾ കേരള വാട്ടർ അതോറിറ്റിക്ക് നൽകേണ്ട നിലവിലെ കുടിവെള്ള കുടിശ്ശിക ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ടൈഡ്) ൽ നിന്നും വിനിയോഗിക്കാവുന്നതാണ്. എന്നാൽ സർക്കാർ മാർഗ്ഗ നിർദ്ദേശം പാലിക്കാതെ തൻവർഷത്തെ കുടിവെള്ളക്കരം ഒടുക്കുവാൻ പദ്ധതി പ്രകാരം തുക വിനിയോഗിച്ചതായി കാണുന്നു. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ.നം | വൗച്ചർ നം & തിയതി | തുക | ഫണ്ടിനം |
|---|---|---|---|
| 1 | XVFC/22-23/P/1 -28/04/2022 | 1,70,264 | ആകെ 16,21,740 രൂപ ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ടൈഡ്) വിനിയോഗിച്ചു. |
| 2 | XVFC/22-23/P/2 -23/05/2022 | 1,70,264 | |
| 3 | XVFC/22-23/P/8 -29/06/2022 | 1,70,264 | |
| 4 | XVFC/22-23/P/19 -26/07/2022 | 1,70,264 | |
| 5 | XVFC/22-23/P/20 | 1,70,264 | |

| | | | |
|---|---|---|---|
| | -23/08/2022 | | |
| 6 | XVFC/22-23/P/21 -24/09/2022 | 1,70,264 | |
| 7 | XVFC/22-23/P/22 -21/10/2022 | 1,70,264 | |
| 8 | XVFC/22-23/P/29 -26/11/2022 | 1,70,264 | |
| 9 | XVFC/22-23/P/31 -20/12/2022 | 1,70,264 | |
| 10 | XVFC/22-23/P/32 -28/01/2023 | 89,364 | |
| 11 | Bill No. 216/30.01.2023 | 80,900 | 3,73,342 രൂപ വികസന ഫണ്ടിൽ നിന്ന് വിനിയോഗിച്ചു. |
| 12 | Bill No. 247/17.02.2023 | 1,74,128 | |
| 13 | BillNo. 410/28.03.2023 | 1,18,314 | |
| | ആകെ | 19,95,082 | |

സർക്കാർ ഉത്തരവ് (സാധാ) നം.538/2022/LSGD തീയതി.07-03-2022 പ്രകാരം നിലവിൽ ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ടൈഡ്) വിനിയോഗിച്ച് KWA-ക്ക് നൽകാൻ കുടിശികയുള്ള വെള്ളക്കരം അടവാക്കുന്നതിന് അനുമതിയുണ്ടെങ്കിലും പകരം തൻവർഷത്തെ കുടിവെള്ള ചാർജ്ജ് ഒടുക്കാമെന്നത് സംബന്ധിച്ച് ഈ ഉത്തരവിൽ പരാമർശിക്കുന്നില്ല. കൂടാതെ സ.ഉ.(കൈ)നം.119/2022/LSGD തീ.16.6.2022 ഉത്തരവ് പ്രകാരം തനത് വരുമാനം, ജനറൽപർപ്പസ് ഗ്രാന്റ് എന്നിവയിൽ നിന്നും ആദ്യം നല്കേണ്ട ഇനങ്ങൾ നിഷ്കർഷിച്ചിട്ടുണ്ട്, ഇതനുസരിച്ച് കേരള വാട്ടർ അതോറിറ്റി, കെ.എസ്.ഇ.ബി എന്നിവയ്ക്ക് നല്കേണ്ട തുക ആദ്യ ഇനം ആക്കേണ്ടതാണ്, എന്നാൽ മേൽ ഉത്തരവുകളൊന്നും പരിഗണിക്കാതെയാണ് ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ടൈഡ്), വികസനഫണ്ട് എന്നിവയിൽ നിന്നും വാട്ടർ അതോറിറ്റിയിൽ കുടിവെള്ളക്കരം അടവാക്കിയത്. ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ടൈഡ്), വികസനഫണ്ട് എന്നിവയിൽ നിന്ന് കുടിവെള്ളക്കരം അടവാക്കുന്നതിന് ആധാരമാക്കിയ സർക്കാർ ഉത്തരവുകളും രേഖകളും പരിശോധനയ്ക്ക് ഹാജരാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ടുള്ള ഓഡിറ്റ് എൻക്വയറി നം.10/തീ.23.12.2023- ന് മറുപടി നല്കിയിട്ടില്ല. സർക്കാർ മാർഗ്ഗ രേഖ പാലിക്കാതെ ധനകാര്യ കമ്മീഷൻ ഗ്രാന്റ്, വികസന ഫണ്ട് എന്നിവ വിനിയോഗിച്ചതിനാൽ ചെലവ് തുക 19,95,082/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

**1-19 ക്ലീൻ കേരള കമ്പനി- അജൈവ മാലിന്യങ്ങൾ നീക്കം ചെയ്യൽ- എം സി എഫിൽ നിന്നുള്ള നിഷ്ക്രിയ മാലിന്യം സംസ്ക്കരണ സ്ഥലത്തേക്ക് കൊണ്ടുപോകൽ – ജി എസ് ടി ഈടാക്കുന്നു.**

| | |
|---|---|
| പ്രൊജക്ട് | 4/2022-23, അജൈവ മാലിന്യം നീക്കം ചെയ്യുന്നതിന് ക്ലീൻ കേരള കമ്പനിക്ക് തുക നൽകൽ |
| അടങ്കൽ | ₹ 10,80,500 (ധനകാര്യ കമ്മീഷൻ ഗ്രാന്റ് ) |
| ചെലവ് | ₹ 10,80,500 (ധനകാര്യ കമ്മീഷൻ ഗ്രാന്റ് )<br>(വൗച്ചർ നം. XVFC/2022-23/P/23 തീ.21.10.2022). |
| നിർവ്വഹണം | സെക്രട്ടറി. |

സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പ്രൊ.നം 4/2022-23 പദ്ധതി പ്രകാരം ഗ്രാമ പഞ്ചായത്തിൽ ഹരിത കർമ്മസേന മുഖേന ശേഖരിച്ച പുന:ചംക്രമണയോഗ്യമല്ലാത്ത അജൈവ മാലിന്യങ്ങൾ സംസ്ക്കരണ സ്ഥലത്തേക്ക് നീക്കം ചെയ്തതിന് 10,80,500 രൂപ ക്ലീൻ കേരള കമ്പനിക്ക് നല്കിയിട്ടുണ്ട്. പദ്ധതി പ്രകാരം പാഴ്മാലിന്യം കയറ്റി അയക്കുന്നതിനായി കമ്പനിയുമായി ചമച്ച കരാർ പ്രകാരം പുന:ചംക്രമണ യോഗ്യമല്ലാത്തതും വിറ്റഴിക്കാൻ കഴിയാത്തതുമായ മാലിന്യം

കിലോഗ്രാമിന് 10 രൂപ നിരക്കിൽ ക്ലീൻ കേരള കമ്പനിക്ക് താഴെ പറയും പ്രകാരം നൽകുകയാണ് ചെയ്തിട്ടുള്ളത്.

| ഇൻവോയിസ് നം./തീയ്യതി | തുക |
|---|---|
| D22/SER21-22/112 തീ.6.8.2021 | 19,20,804രൂപ (162780 Kg X 10= 1627800 + CGST 9%, SGST 9% ഉൾപ്പെടെ(1,46,502x2=2,93,004 ). |

പ്രൊജക്ട് ഫയൽ പരിശോധനയിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു :

1). പാഴ് വസ്തുക്കൾ നീക്കം ചെയ്യുന്ന പ്രവർത്തനങ്ങൾക്ക് ജി എസ് ടി വകുപ്പിന്റെ സർക്കുലർ നം. 51/25/2018/GST തീ. 31.07.2018 പ്രകാരം ജി എസ് ടി ബാധകമല്ലെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ആകയാൽ മേൽ പ്രകാരം കമ്പനിക്ക് ജി എസ് ടി അനുവദിച്ചു നൽകുന്നതിന് ആധാരമാക്കിയ സർക്കാർ ഉത്തരവിന്റെ വിവരം പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

2). ക്ലീൻ കേരള കമ്പനി നൽകുന്ന ഇൻവോയ്സിൽ രേഖപ്പെടുത്തിയ തൂക്കത്തിന്റെ അടിസ്ഥാനത്തിലാണ് ഗ്രാമ പഞ്ചായത്ത് തുക അനുവദിച്ചിട്ടുള്ളത്. കമ്പനി അവകാശപ്പെട്ട അളവിൽ ഗ്രാമപഞ്ചായത്തിൽ നിന്നും മാലിന്യം നീക്കം ചെയ്തിട്ടുണ്ടെന്ന് ഉറപ്പുവരുത്തുന്നതിനായി മാലിന്യം നീക്കം ചെയ്ത വേളയിൽ ഗ്രാമ പഞ്ചായത്തിൽ നിന്നും സാങ്കേതിക ഉദ്യോഗസ്ഥരോ, ഹരിതകർമ്മസേന അധികൃതരോ, ജനപ്രതിനിധികളോ, പരിശോധന നടത്തി സാക്ഷ്യപ്പെടുത്തിക്കാണുന്നില്ല. തൂക്കം സാധൂകരിക്കുന്നത് സംബന്ധിച്ച് വേ-ബ്രിഡ്ജ് ബില്ലുകൾ ഹാജരാക്കിയിട്ടില്ല. ഗ്രാമ പഞ്ചായത്തിൽ നിന്നും മേൽ പദ്ധതികൾ പ്രകാരം നീക്കം ചെയ്ത അജൈവ മാലിന്യത്തിന്റെ അളവ് സംബന്ധിച്ച് ഹരിത കർമ്മ സേന അധികൃതർ, വി.ഇ.ഒ, ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പ് എന്നിവരിൽ നിന്നുമുള്ള പരിശോധന സാക്ഷ്യപത്രം, ഭരണ സമിതി തീരുമാനം എന്നിവ ഓഡിറ്റ് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

മേൽ വിവരിച്ച രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കാൻ ആവശ്യപ്പെട്ടു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (14/തീ.23.12.2023) മറുപടി നൽകിയിട്ടില്ല. രേഖകളും വിശദീകരണങ്ങളും ഓഡിറ്റിന് ഹാജരാക്കുന്നതുവരെ 10,80,500/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസപ്പെടുത്തുന്നു.

**1-20 മുഴക്കീൽ ഇരട്ടപ്പുഴ ഡ്രൈനേജും ഫൂട്ട് പാത്ത് നിർമ്മാണവും - DSR, MoRD സ്പെസിഫിക്കേഷൻ പ്രകാരം എസ്റ്റിമേറ്റ് തയ്യാറാക്കി-അപാകത.**

നിർവ്വഹണോദ്യോഗസ്ഥൻ - അസിസ്റ്റന്റ് എഞ്ചിനീയർ.

| | | | |
|---|---|---|---|
| പ്രൊജക്ട് നം. | എസ്. 44/23 (മുഴക്കീൽ ഇരട്ടപ്പുഴ ഡ്രൈനേജും ഫൂട്ട് പാത്ത്) | | |
| അടങ്കൽ | 10,00,000/- രൂപ (തനത് ഫണ്ട്) | | |
| എസ്റ്റിമേറ്റ് | ₹ 10,00,000/- (EST No: 2021/87738) | | |
| സാങ്കേതികാനുമതി . | ₹ 10,00,000/-TS No 60575/2021-2022 | | |
| എം. ബുക്ക് നം. | 34/2021-22 | | |
| ആകെ അളവ് മൂല്യം | ₹ 7,64,513/- | | |
| കരാറുകരാൻ | ശ്രീ. എം. വി. ബാലകൃഷ്ണൻ | | |
| കാട്ട് ചെയ്ത തുക | ₹ 8,02,187/- | | |
| എഗ്രിമെന്റ് നമ്പർ | 49/AE/LID & EW/CGP/22 Dated 17.01.2022 | | |
| കരാറുകാരന് നൽകിയ തുകയുടെ വിവരം | വൗച്ചർനം, തീയതി. | ബിൽ തുക | കരാറുകാരന് നൽകിയ തുക |
| | വൗച്ചർനം. 110-3/23 തീ: 31.03.2023 | ₹ 8,56,255/- | ₹ 8,25,673/- |

മുഴക്കീൽ ഇരട്ടപ്പുഴ ഡ്രൈനേജും ഫൂട്ട് പാത്ത് നിർമ്മാണം എന്ന പദ്ധതി 2022-2023 സാമ്പത്തിക

വർഷം നിർവ്വഹണോദ്യോഗസ്ഥനായ അസിസ്റ്റന്റ് എഞ്ചിനീയർ നടപ്പാക്കിയിരുന്നു. ഈ പദ്ധതിക്കായി PRICE സോഫ്റ്റ്‌വെയർ ഉപയോഗിച്ചാണ് എസ്റ്റിമേറ്റ് (EST No: 2021/87738) തയ്യാറാക്കിയത്. എസ്റ്റിമേറ്റിൽ അനുവദിച്ച കോസ്റ്റ് ഇൻഡക്സ് 33.05% ആണ്. പദ്ധതിക്കായി തയ്യാറാക്കിയ എസ്റ്റിമേറ്റിൽ ചുവടെ പരാമർശിക്കുന്ന 9 ഇനം പ്രവൃത്തികളാണുണ്ടയിരുന്നത് .

| Item No | Description | Quantity | Rate | Amount |
|---|---|---|---|---|
| | Demolishing Existing Drain & Reconstruction | | | |
| 1.001 | Demolishing Stone Rubble Masonry (Code 15.9.2) | 58.80 Cum | 2026.28/Cum | 119145.26 |
| 1.002 | Earth Work In Excavation By Mechanical Means (Code 2.8.1) | 5.12 Cum | 291.38/Cum | 1491.87 |
| 1.003 | RR With Departmental Stone (Code 60.7.9) | 4.40 Cum | 5181.23/Cum | 22797.41 |
| | Drainage Cum Foot Path Construction | | | |
| 2.001 | Excavation In Cutting Soil By Manual Means (Code 3.5.1) | 11.90 Cum | 351.76/Cum | 4185.94 |
| 2.002 | Providing Concrete For Plain/Reinforced Concrete In Open Foundations P.C.C Grade M 10, Normal Mix 1:3:6 (Code 11.4.1.1) | 11.90 Cum | 7646.85/Cum | 90997.40 |
| 2.003 | Providing Concrete For Plain/Reinforced Concrete In Open Foundations P.C.C Grade M 15, Normal Mix 1:2.5:5 (Code 11.4.2.1 ) | 33.60 Cum | 7474.60/Cum | 251146.56 |
| 2.004 | Providing Plain For Wearing Coat C.C 1:2:4 (Code 75.8.1.1.A) | 3.85 Cum | 7828.21/Cum | 30138.57 |
| 2.005 | Providing Concrete For Plain/Reinforced Concrete In Open Foundations R.C.C Grade M 20 (Code 11.4.4) | 21.879 Cum | 8427.98/Cum | 184395.77 |
| 2.006 | Supplying, Fitting And Placing TMT Bar Reinforcement (Code 12.7) | 2.17 Tonne | 86722.64/Tonne | 188188.13 |
| | Total | | | 892486.91 |
| | Amount Reserved For GST | | | 107098.43 |
| | Lump Sum | | | 414.66 |
| | Total (Rounded) | | | 1000000.00 |

ഈ പ്രവൃത്തിയുടെ കരാറുകാരന് ചുവടെ വിവരിക്കും പ്രകാരം അന്തിമ ബിൽ തയ്യാറാക്കി 8,25,673/-രൂപ അനുവദിച്ചിട്ടുണ്ട്.

| Item No | Description | Quantity | Rate | Amount |
|---|---|---|---|---|
| | Demolishing Existing Drain & Reconstruction | | | |
| 1.001 | Demolishing Stone Rubble Masonry (Code 15.9.2) | 56.00 Cum | 2026.28/Cum | 113471.68 |
| 1.002 | Earth Work In Excavation By Mechanical Means (Code 2.8.1) | 4.20 Cum | 291.38/Cum | 1223.8 |
| 1.003 | RR With Departmental Stone (Code 60.7.9) | 4.20 Cum | 5181.23/Cum | 21761.17 |
| | Drainage Cum Foot Path Construction | | | |
| 2.001 | Excavation In Cutting Soil By Manual Means (Code 3.5.1) | 11.90 Cum | 351.76/Cum | 4185.94 |
| 2.002 | Providing Concrete For Plain/Reinforced Concrete In Open Foundations P.C.C Grade M 10, Normal Mix 1:3:6 (Code 11.4.1.1) | 11.90 Cum | 7646.85/Cum | 90997.40 |
| 2.003 | Providing Concrete For Plain/Reinforced Concrete In Open Foundations P.C.C Grade | 33.60 Cum | 7474.60/Cum | 251146.56 |

| | | | | |
|---|---|---|---|---|
| | M 15, Normal Mix 1:2.5:5 (Code 11.4.2.1 ) | | | |
| 2.004 | Providing Plain For Wearing Coat C.C 1:2:4 (Code 75.8.1.1.A) | 3.85 Cum | 7828.21/Cum | 30138.57 |
| 2.005 | Providing Concrete For Plain/Reinforced Concrete In Open Foundations R.C.C Grade M 20 (Code 11.4.4) | 21.015 Cum | 6592.89/Cum | 138549.58 |
| 2.006 | Supplying, Fitting And Placing TMT Bar Reinforcement (Code 12.7) | 1.777 Tonne | 6312.04/Tonne | 113038.59 |
| | Total | | | 764513.29 |
| | (+) 12% GST | | | 91564.06 |
| | Total | | | 854598.00 |
| | (-) IT @ 1% | | | 7645.00 |
| | (-) WWF @ 1% | | | 7645.00 |
| | (-) GST @ 2% | | | 15292.00 |
| | Net Amount Paid | | | 825673.00 |

ഈ പ്രവൃത്തിയുടെ എസ്റ്റിമേറ്റിലെ ഐറ്റം നമ്പർ 1.001 മുതൽ 1.003 വരെയുള്ള പ്രവൃത്തികൾക്ക് DSR 2018 അടിസ്ഥാനമാക്കിയും ഐറ്റം നമ്പർ 2.001 മുതൽ 2.006 വരെയുള്ള ഡ്രൈനേജ് പ്രവൃത്തികൾക്ക് MoRD (Ministry Of Road Development) സ്പെസിഫിക്കേഷൻ അനുസരിച്ചുമാണ് തയ്യാറാക്കിയിരിക്കുന്നത്. തദ്ദേശ സ്വയംഭരണവകുപ്പ് ചീഫ് എഞ്ചിനീയറുടെ 14.10.2016-ലെ സർക്കുലർ നം.DB3/6512(B)/2013/CE/LSGD പ്രകാരം ഒരു പ്രവൃത്തിയുടെ എസ്റ്റിമേറ്റിൽ തന്നെ വ്യത്യസ്ത ഇനങ്ങൾക്ക് MoRTH/MoRD/CPWD എന്നിവയെല്ലാം അടിസ്ഥാനമാക്കി സ്പെസിഫിക്കേഷനുകൾ നൽന്നത് ഉചിതമല്ല എന്ന് വ്യക്തമാക്കിയിട്ടുണ്ട്. കൂടാതെ കെട്ടിടങ്ങളുമായി ബന്ധപ്പെട്ട പ്രവൃത്തികൾക്ക് CPWD പ്രകാരമുള്ള സ്പെസിഫിക്കേഷനുകൾ അടിസ്ഥാനമാക്കിയും റോഡ് പ്രവൃത്തികൾക്ക് MoRD/MoRTH സ്പെസിഫിക്കേഷൻ അടിസ്ഥാനമാക്കിയുമാണ് എസ്റ്റിമേറ്റുകൾ തയ്യാറാക്കേണ്ടതെന്നും ഈ സർക്കുലറിൽ നിർദ്ദേശിക്കുന്നുണ്ട്. ഡ്രൈനേജ് നിർമ്മാണം, ഫൂട്ട് പാത്ത് നിർമ്മാണം എന്നീ പ്രവൃത്തികൾക്ക് DSR (Delhi Schedule Of Rates) പ്രകാരമാണ് എസ്റ്റിമേറ്റുകൾ തയ്യാറാക്കേണ്ടത്. എന്നാൽ പ്രവൃത്തിയിലെ ഐറ്റം നമ്പർ 2.001 മുതൽ 2.006 വരെയുള്ളവയ്ക്ക് MoRD സ്പെസിഫിക്കേഷൻ അടിസ്ഥാനമാക്കി തയ്യാറാക്കിയതിന് വിശദീകരണം നൽകാനും MoRD സ്പെസിഫിക്കേഷൻ അനുസരിച്ച് അളവ് മൂല്യം കണക്കാക്കിയ പ്രവൃത്തിയിലെ ഐറ്റം നമ്പർ 2.001 മുതൽ 2.006 വരെയുള്ളവയ്ക്ക് DSR-2018 With Cost Index 33.05% അടിസ്ഥാനമാക്കിയാണ് അളവ് മൂല്യം മൂല്യനിർണ്ണയം നടത്തേണ്ടതും അധികം തുക നൽകിട്ടുണ്ടെങ്കിൽ ആയത് തിരിച്ചടക്കാനും നിർവ്വഹണോദ്യോഗസ്ഥയോട് ഓഡിറ്റ് എൻക്വയറി നം.9 തീ: 23.12.2023 പ്രകാരം ആവശ്യപ്പെട്ടിരുന്നു. ഓഡിറ്റ് എൻക്വയറിക്ക് നൽകിയ മറുപടിയിൽ (No.AE/LSGD/AUDIT/2023-2024 Dt: 23.12.2023) DSR നിരക്ക് പ്രകാരം ഡ്രൈനേജ് പ്രവൃത്തികൾക്ക് Centering, Shuttering എന്നിവയ്ക്കുകൂടി അധികനിരക്ക് വരുന്നതിനാൽ അതുമൂലമുണ്ടാകുന്ന അധിക ചെലവ് ഒഴിവാക്കുന്നതിനുമാണ് ഈ പ്രവൃത്തിയിൽ ഡ്രൈനേജ് പ്രവൃത്തി MoRD സ്പെസിഫിക്കേഷൻ അനുസരിച്ച് നടത്തിയത്. ഇതുമൂലം സർക്കാരിന് യാതൊരു അധിക ചെലവും ഉണ്ടായിട്ടില്ല എന്നും നിർവ്വഹണോദ്യോഗസ്ഥൻ മറുപടി കത്തിൽ അറിയിച്ചിട്ടുണ്ട്.

ഭാവിയിൽ പദ്ധതികൾക്കായി എസ്റ്റിമേറ്റുകൾ തയ്യാറാക്കുമ്പോൾ തദ്ദേശ സ്വയംഭരണവകുപ്പ് ചീഫ് എഞ്ചിനീയറുടെ 14.10.2016-ലെ നം.DB3/6512(B)/2013/CE/LSGD സർക്കുലറിലെ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

**1-21 തൊഴിലുറപ്പ് പദ്ധതി മെറ്റീരിയൽ വാങ്ങിയത്- കരാറുകാരിൽ നിന്നും നികുതികൾ ഈടാക്കിയിട്ടില്ല.**

2017 ലെ സെൻട്രൽ ഗുഡ്സ് ആന്റ് സർവീസസ് ടാക്സ് ആക്ടിലെ വകുപ്പ് 51, കേന്ദ്ര സർക്കാരിന്റെ Central Board Of Indirect Taxes And Customs ന്റെ 13.09.2018 ലെ 50/2018 നമ്പർ നോട്ടിഫിക്കേഷൻ, കേന്ദ്ര റവന്യൂ വകുപ്പിന്റെ 14.09.2018 ലെ സർക്കുലർ നം 65/39/2018-DOR എന്നിവ പ്രകാരം 2,50,000 രൂപയിൽ അധികരിക്കുന്ന കരാർ തുകകൾ നൽകുമ്പോൾ 2% ജി.എസ്.ടി. സ്രോതസ്സിൽ നിന്നും കുറവ് ചെയ്ത് അടക്കേണ്ടതുണ്ട്. എന്നാൽ പഞ്ചായത്ത് നടപ്പിലാക്കിയ

ചുവടെ ചേർത്ത പ്രവൃത്തിയിൽ സാധനങ്ങൾ വാങ്ങിയ വകയിൽ 2.5 ലക്ഷം രൂപയ്ക്കു മുകളിൽ ഉള്ള പേമെന്റുകൾ നടത്തുമ്പോൾ ജി.എസ്.ടി. തുക കുറവ് ചെയ്ത് അടച്ചില്ല. അതുപോലെ 1961 ലെ ആദായ നികുതി നിയമത്തിലെ വകുപ്പ് 194 സി പ്രകാരം ഒരു സാമ്പത്തിക വർഷം ഒരു കരാറിൽ 30,000 രൂപയിൽ കൂടുതൽ തുക കരാറുകാരന് പേമെന്റ് നടത്തുമ്പോൾ 1% തുക (സ്ഥാപനങ്ങൾക്ക് 2%) സ്രോതസ്സിൽ നിന്നും കുറവ് ചെയ്ത് ആദായ നികുതി വകുപ്പിന് അടക്കേണ്ടതാണ്. എന്നാൽ ചുവടെ ചേർത്ത പ്രവൃത്തിയുടെ സാമഗ്രികളുടെ തുക നൽകിയപ്പോൾ ആദായ നികുതി സ്രോതസ്സിൽ നിന്നും കുറവ് ചെയ്ത് ബന്ധപ്പെട്ട വകുപ്പിൽ അടച്ചിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ. നം. | പ്രവൃത്തിയുടെ പേര് | എഫ്.ടി.ഒ. നമ്പർ & തിയതി | കരാറുകാരന് നല്കിയ തുക(₹) | കരാറുകാരന്റെ പേര് | ആദായ നികുതി ഈടാക്കേണ്ടിയിരുന്ന തുക (₹) | ജി.എസ്.ടി. (2%) ഈടാക്കേണ്ടിയിരുന്ന തുക (₹) |
|---|---|---|---|---|---|---|
| 1 | പയ്യങ്കി കൈതക്കാട് റോഡിൽ നിന്നും മലയരു മൂലയിലേക്ക് ഫൂട്ട് പാത്ത് കം ഡ്രൈനേജ് നിർമ്മാണം (വർക്ക് കോഡ് 378609) | FTONo. 0121EATPAYREQ 2508202216377 തീ: 25.08.2022 (₹ 100000/-)<br>FTONo. 0121EATPAYREQ 2508202216378 തീ: 25.08.2022 (₹ 160000/-)<br>FTONo. 0121EATPAYREQ 2508202216379 തീ: 25.08.2022 (₹ 165105/-)<br>FTONo. 0121EATPAYREQ 2508202216380 തീ: 25.08.2022 (₹ 192480/-)<br>FTONo. 0121EATPAYREQ 2508202216382 തീ: 25.08.2022 (₹ 149568/-)<br>FTONo. 0121EATPAYREQ 2508202216374 തീ: 25.08.2022 (₹ 100000/-) | ₹ 867153/- | മുഹമ്മദ് സിറാജുദ്ദീൻ.എം. | 8672 | 17344 |
| | | | | ആകെ | 8672 | 17344 |

സ്രോതസ്സിൽ നിന്നും കുറവ് വരുത്തേണ്ട നികുതികൾ ഈടാക്കാത്തതിന് ഓഡിറ്റ് എൻക്വയറി നം 16 തീയതി 23.12.2023 പ്രകാരം വിശദീകരണം ആവശ്യപ്പെട്ടതിന് മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ആദായ നികുതി ഈടാക്കി ബന്ധപ്പെട്ട വകുപ്പിൽ ഒടുക്കി രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

**1-22 പദ്ധതികൾക്കായി ചെലവഴിച്ച തുകകൾ സുലേഖ ചെലവ് പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.**

ഗ്രാമ പഞ്ചായത്തിലെ നിർവഹണോദ്യോഗസ്ഥൻമാരായ അസിസ്റ്റന്റ് എഞ്ചിനീയർ 2022-2023 വർഷത്തിൽ നിർവഹണം ചെയ്ത് ചുവടെ പരാമർശിക്കുന്ന പദ്ധതിക്കായി ചെലവഴിച്ച തുക സുലേഖ ചെലവ് പത്രികയിൽ ഉൾപ്പെടുന്നില്ല. ഈ അപാകതയ്ക്ക് വിശദീകരണം നൽകേണ്ടതാണ്.

| ക്രമ നം | പ്രവൃത്തിയുടെ പേര്, പ്രൊജക്ട് നമ്പർ. | ചെലവ് തുക | ഫണ്ട് | വൗച്ചർ, ചെക്ക് നം/തീയതി |
|---|---|---|---|---|
| 1 | പള്ളിക്കണ്ടം കോയാമ്പുറം നടപ്പാലം നിർമ്മാണം, കിഴക്കേമുറി നടപ്പാലം അറ്റകുറ്റപണി എന്നീ പദ്ധതികൾക്ക് സോയിൽ ടെസ്റ്റിംഗ് (പ്രൊജക്ട് നമ്പർ 48/23) | 1,18,000, | തനത് ഫണ്ട് | 671524/31.01.2023 |

**1-23 തൃക്കരിപ്പൂർ താലൂക്ക് ആശുപത്രി ഡയാലിസിസ് സെന്റർ വിഹിതം നല്കിയത് - വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.**

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രൊജക്ട് നം | 121/22-23 |
| വൗച്ചർ നം. 22201247/തീ. 7.3.2023 | 2,00,000 രൂപ |

പ്രൊ.നം 121/23 – പ്രകാരം തൃക്കരിപ്പൂർ താലൂക്ക് ആശുപത്രി ഡയാലിസിസ് സെന്റർ നടത്തിപ്പിനുള്ള ഗ്രാമ പഞ്ചായത്ത് വിഹിതം ഇനത്തിൽ 2,00,000/-രൂപ നീലേശ്വരം ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ സി.512/22 തീ. 15.2.2023 നമ്പർ കത്ത് പ്രകാരം നീലേശ്വരം ബ്ലോക്ക് പഞ്ചായത്തിന് കൈമാറിയിട്ടുണ്ട്. പ്രസ്തുത തുകയുടെ വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. വിനിയോഗ സാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ ചെലവ് തുക 2,00,000/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

**1-24 ഞങ്ങളും കൃഷിയിലേക്ക് -വാഴ കൃഷി വികസന പദ്ധതി-വാഴക്കന്ന് വിതരണം- അപാകത**

നിർവ്വഹണ ഉദ്യോഗസ്ഥൻ - കൃഷി ഓഫീസർ

പ്രൊജക്ട് നം.106/23

അടങ്കൽ - 200000/- രൂപ – പ്ലാൻ ജനറൽ

ചെലവ് - 200000/- രൂപ

ബിൽ നം.05/2022-23/25.11.2022 – 200000/-രൂപ

പദ്ധതി പ്രകാരം കാർഷിക വികസന കർഷക ക്ഷേമ വകുപ്പ്- ഓർഗാനിക് ഡെവലപ്പ്മെന്റ് എക്കോ സമിതി- എക്കോ ഷോപ്പ് നീലേശ്വരം, രജിസ്റ്റർ നം.KSR/CA/190/2018 എന്ന സ്ഥാപനത്തിൽ നിന്നും 10000 നേന്ത്രൻ വാഴക്കന്നുകൾ വാങ്ങിയിട്ടുണ്ട്. ഒന്നിന് 20/-രൂപ പ്രകാരം ആകെ 200000/-രൂപ സ്ഥാപനത്തിന് നൽകിയിട്ടുണ്ട് (അക്കൗണ്ട് നം.145401000031892/IOB). ഈ പദ്ധതിയുടെ ഫയലും അനുബന്ധരേഖകളും പരിശോധന നടത്തിയപ്പോൾ വാഴക്കന്നുകൾ വിതരണം ചെയ്തതിൽ ചുവടെ പരാമർശിക്കുന്ന അപാകതകൾ കാണുന്നു.

വിതരണ രജിസ്റ്റർ പരിശോധന – വിതരണ രജിസ്റ്റർ പ്രകാരം വാഴക്കന്നുകൾ കൈപ്പറ്റിയ 30 ഓളം പേരെ ഫോൺ വഴി ബന്ധപ്പെട്ടപ്പോൾ ക്രമ നം.(119) മുതൽ (144) വരെയുള്ളവർ ഈ പദ്ധതിക്ക് അപേക്ഷയേ നൽകിയിട്ടില്ല എന്നാണ് അറിയിച്ചത്, മറ്റുള്ളവർ വാഴക്കന്നുകൾ കൈപ്പറ്റിയിട്ടുണ്ടെങ്കിലും രജിസ്റ്റർ പ്രകാരമുള്ള എണ്ണം നൽകിയിട്ടില്ല എന്നാണ് അറിയിച്ചത്. വിതരണ രജിസ്റ്റർ പ്രകാരം ക്രമ നം.(128) - വാർഡ് -1-അപേക്ഷ നം.(16) ആയി ശ്രീ.നാരായണൻ.കെ.വി, അച്ചാംതുരുത്തി -എന്നവർക്ക് 70 വാഴക്കന്നുകൾ കൈപ്പറ്റിയതായി കാണിച്ചിട്ടുണ്ട് . പക്ഷെ ടിയാന് വാഴക്കന്നുകളേ ലഭിച്ചിട്ടില്ല, ടിയാൻ പ്രൊജക്ട് നം.85/23 തെങ്ങ്കൃഷിക്ക് വളം എന്ന പദ്ധതിക്കാണ് അപേക്ഷ സമർപ്പിച്ചത്, അത് ലഭിച്ചിട്ടുണ്ട്. വിതരണ രജിസ്റ്ററിൽ രേഖപ്പെടുത്തിയിരിക്കുന്ന ഒപ്പ് താനിട്ടതല്ല എന്ന് ഓഡിറ്റ് ക്യാംപിൽ നേരിട്ട്

ഹാജരായി അദ്ദേഹം അറിയിക്കുകയുണ്ടായി. ടിയാൻ രേഖാമൂലം ഇക്കാര്യം എഴുതി നൽകിയിട്ടുണ്ട്. അപാകതയ്ക്ക് വിശദീകരണം നൽകേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം.04/21.12.2023 പ്രകാരം അപാകത ചൂണ്ടിക്കാട്ടിയതിന് 22.12.2023ന് കൃഷി ഓഫീസർ മറുപടി നൽകിയിട്ടുണ്ട്. 184 ഗുണഭോക്താക്കൾ അപേക്ഷ നൽകി എന്നും അതിൽ 119 പേരെ വാഴക്കന്ന് വാങ്ങാൻ എത്തിയിട്ടുള്ളൂ, ബാക്കി അപേക്ഷകരെ നേരിട്ട് ബന്ധപ്പെട്ടപ്പോൾ ആവശ്യമില്ല എന്ന് അറിയിച്ചതിനെ തുടർന്ന് ഗുണഭോക്തൃപട്ടികയിൽ ഉൾപ്പെടാതെ പോയതും കൃഷിഭവനിൽ എത്തുകയും ചെയ്ത കർഷകർക്ക് ബാക്കി വാഴക്കന്നുകൾ നൽകി. വാഴക്കന്നുകൾ പെട്ടെന്ന് ചീഞ്ഞു നശിക്കുന്നത് കൊണ്ടാണ് ഇങ്ങനെ ചെയ്തത്. സാങ്കേതികമായി ലിസ്റ്റിൽ ഉൾപ്പെട്ടവർക്ക് മാത്രമേ നൽകാൻ കഴിയൂ എന്നതിനാലാണ് വിതരണം ചെയ്ത ലിസ്റ്റ് ഈ രീതിയിൽ തയ്യാറാക്കിയത്, കർഷകർക്ക് നടീൽ വസ്തുക്കൾ നഷ്ടമാകാതെ ലഭിക്കണം എന്ന സദുദ്ദേശത്തോടെ മാത്രമാണ് ഇങ്ങനെ ചെയ്തത് എന്നുമാണ് മറുപടി നൽകിയത്. മറുപടി തൃപ്തികരമല്ലാത്തതിനാൽ 10000 വാഴക്കന്നുകൾ വാങ്ങിയിട്ടുണ്ടോ എന്നും അവ വിതരണം ചെയ്തിട്ടുണ്ടോ എന്നും ഭരണസമിതി അന്വേഷണം നടത്തി ഉറപ്പ് വരുത്താൻ ഓഡിറ്റിൽ നിർദ്ദേശിക്കുന്നു. അതുവരെ ചെലവ് തുക 200000/-രൂപ ഓഡിറ്റിൽ തടസ്സത്തിൽ വെക്കുന്നു.

**<u>1-25 പട്ടികജാതി വയോജനങ്ങൾക്ക് കട്ടിൽ വാങ്ങി നൽകൽ പദ്ധതി</u>**

നിർവ്വഹണ ഉദ്യോഗസ്ഥൻ - അസിസ്റ്റന്റ് സെക്രട്ടറി

പ്രൊജക്ട് നം.200/23

അടങ്കൽ - 89900/- രൂപ – എസ്.സി.പി

ചെലവ് - 89900/- രൂപ

ബിൽ റഫറൻസ് നം.22200352011901247309/25.2.2023 – 89900/-രൂപ

പദ്ധതിക്കായി ടെണ്ടർ ക്ഷണിച്ചത് പ്രകാരം JK FURNITURE തേർത്തല്ലി, കണ്ണൂരിന്റെ കുറഞ്ഞതുകയുടെ ടെണ്ടർ പ്രൊക്യൂർമെന്റ് കമ്മിറ്റിയുടെ 27.12.2022 ലെ തീരുമാനം നം.(4), ഭരണസമിതിയുടെ 9.1.2023 ലെ തീരുമാനം നം.3(4) എന്നിവ പ്രകാരം അംഗീകരിക്കുകയും പർച്ചേസ് നടത്തുകയും ചെയ്തു. ആഞ്ഞിലി തടിയിൽ തീർത്ത കട്ടിലിന് ഒന്നിന് 2900/-രൂപയാണ് വില. ഇൻവോയ്സ് നം.41/Dt.23.2.2023 പ്രകാരം 31 കട്ടിലുകൾ സ്ഥാപനം വിതരണം ചെയ്തു. ആകെ ഇൻവോയ്സ് തുക 89900/-രൂപ മേൽ ബില്ല് പ്രകാരം സ്ഥാപനത്തിന് നൽകി. 31 കട്ടിലുകൾ അംഗീകരിച്ച ഗുണഭോക്തൃ പട്ടിക പ്രകാരം വിതരണം ചെയ്തു.

വിതരണം ചെയ്ത 31 ഗുണഭോക്താക്കളുടെ അപേക്ഷകളും അനുബന്ധ രേഖകളും പരിശോധന നടത്തിയപ്പോൾ താഴെപ്പറയുന്ന 4 പേരുടെ ജാതി തെളിയിക്കുന്ന രേഖകൾ ഹാജരാക്കിയിട്ടില്ല.

1. കല്യാണി.കെ, പയ്യങ്കി, കൈതക്കാട്

2.സരോജിനി.കെ, തെക്കേവളപ്പ്, ചെറുവത്തൂർ

3.കെ.കുഞ്ഞിരാമൻ, മുണ്ടക്കണ്ടം, ചെറുവത്തൂർ

4.എം.നാരായണി, മുണ്ടക്കണ്ടം, ചെറുവത്തൂർ

പട്ടികജാതി വിഭാഗങ്ങൾക്ക് വേണ്ടിയുള്ള പദ്ധതി ആയതിനാൽ ഗുണഭോക്താക്കൾ ജാതി തെളിയിക്കുന്ന ഏതെങ്കിലും രേഖകൾ ഹാജരാക്കിയതിന് ശേഷം മാത്രമേ ആനുകൂല്യം നൽകാൻ പാടുള്ളൂ. ഭാവിയിൽ ഇക്കാര്യം ശ്രദ്ധിക്കണമെന്ന് ഓഡിറ്റിൽ നിർദ്ദേശിക്കുന്നു. (ഓഡിറ്റ് എൻക്വയറി നം.03/21.12.2023).

**<u>1-26 കുടിവെള്ളം വിതരണം ചെയ്തത് - ഗുണനിലവാര പരിശോധന നടത്തിയ രേഖകൾ ഹാജരാക്കിയിട്ടില്ല.</u>**

**<u>1.വൗച്ചർ നം.22200363/29.6.2022 – 10000/-രൂപ</u>**

ഗ്രാമപഞ്ചായത്തിലെ മയ്യിച്ച പ്രദേശത്ത് ഉപ്പുവെള്ളം കയറിയതിനാൽ മയിച്ച കിഴക്ക് പ്രദേശങ്ങളിൽ കുടിവെള്ളം വിതരണം ചെയ്തതിന് ശ്രീ.രജികുമാർ, ഒട്ടിൽ ഹൗസ്, ചാത്തമത്ത് എന്നവർക്ക് 27.6.2022 ന് സമർപ്പിച്ച അപേക്ഷ പ്രകാരം 10000/-രൂപ നൽകിയിട്ടുണ്ട്. 2022 ജൂൺ-15, 16, 17, 18, 19 തിയ്യതികളിൽ മയിച്ച കിഴക്ക് പ്രദേശങ്ങളിൽ KL-73-A-9051 നമ്പർ വാഹനത്തിൽ ആകെ 20000 ലിറ്റർ കുടിവെള്ളം വിതരണം ചെയ്തതിനാണ് തനത് ഫണ്ടിൽ നിന്നും തുക നൽകിയത്.

(സെക്രട്ടറിയുടെ ഉത്തരവ്നം. 401119/WSDW02/ GPO/2022/5213/Dt..29.6.2022). ഈ തുക നൽകിയതിന് ഭരണസമിതി തീരുമാനത്തിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല. അടിയന്തിര ഘട്ടത്തിലാണ് ക്വട്ടേഷൻ നടപടികൾ ഇല്ലാതെ കുടിവെള്ളം വിതരണം ചെയ്തത്. എങ്കിലും കുടിവെള്ളമായതിനാൽ ഗുണനിലവാരം ഉറപ്പുവരുത്തിയതിന് ശേഷം മാത്രമെ വിതരണം ചെയ്യാവൂ. വിതരണം ചെയ്ത കുടിവെള്ളത്തിന്റെ ഗുണനിലവാരം പരിശോധിച്ച രേഖകളും ഓഡിറ്റ് പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

**2.വൗച്ചർ നം.22200622/14.9.2022 – 14400/-രൂപ**

ഗ്രാമപഞ്ചായത്തിലെ മുണ്ടക്കണ്ടം പ്രദേശത്ത് കുടിവെള്ള വിതരണം ചെയ്യുന്ന KWA വാട്ടർ ടാങ്കിൽ ചെളിവെള്ളം കയറിയതായി 6.7.2022 ന് സെക്രട്ടറിയെ KWA അറിയിച്ചു. അതിനാൽ ഭരണസമിതി തീരുമാനം നം.19(1)/Dt.15.7.2022 പ്രകാരം 5, 7 വാർഡ് ഉൾപ്പെടുന്ന പ്രദേശങ്ങളിൽ ശുദ്ധമായ കുടിവെള്ളം വിതരണം ചെയ്യുന്നതിന് തീരുമാനിച്ചു. ശ്രീ.പ്രകാശൻ, ശ്രീമനിവാസ്, മുണ്ടക്കണ്ടം എന്നവരെ ചുമതലപ്പെടുത്തി. ടിയാൻ 29.8.2022 ന് സമർപ്പിച്ച അപേക്ഷ പ്രകാരം തുക നൽകിയിട്ടുണ്ട്. 2022 ജൂലൈ-6, 7 തിയ്യതികളിൽ ഈ പ്രദേശങ്ങളിൽ KL-17-G-8185, KL-14-H-9134 എന്നീ നമ്പർ വാഹനങ്ങളിൽ ആകെ 40000 ലിറ്റർ കുടിവെള്ളം വിതരണം ചെയ്തതിന് 14400/-രൂപയാണ് തനത് ഫണ്ടിൽ നിന്നും നൽകിയത്. (സെക്രട്ടറിയുടെ ഉത്തരവ്നം. 401119/GARC09/GPO/2022 /6753/Dt.14.9.2022). അടിയന്തിര ഘട്ടത്തിലാണ് ക്വട്ടേഷൻ നടപടികൾ ഇല്ലാതെ കുടിവെള്ളം വിതരണം ചെയ്തത്. എങ്കിലും കുടിവെള്ളമായതിനാൽ ഗുണനിലവാരം ഉറപ്പുവരുത്തിയതിന് ശേഷം മാത്രമേ വിതരണം ചെയ്യാവൂ. ഈ പ്രവർത്തിയുമായി ബന്ധപ്പെട്ട് വിതരണം ചെയ്ത കുടിവെള്ളത്തിന്റെ ഗുണനിലവാരം പരിശോധിച്ച രേഖകൾ ഓഡിറ്റ് പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

രേഖകൾ ഹാജരാക്കുന്നതുവരെ രണ്ട് പ്രവർത്തികളുമായി ബന്ധപ്പെട്ട് ചെലവഴിച്ച ആകെ 24400/-രൂപ ഓഡിറ്റിൽ തടസ്സത്തിൽ വെക്കുന്നു.

ഓഡിറ്റ് എൻക്വയറി നം.06/21.12.2023

**1-27 പമ്പ് ഹൗസ് മാറ്റി സ്ഥാപിക്കൽ- മുൻകൂർ നൽകിയത് ക്രമീകരിച്ച രേഖകൾ ഹാജരാക്കിയിട്ടില്ല.**

വൗച്ചർ നം.22201079/31.1.2023 – 10000/-രൂപ

ഗ്രാമപഞ്ചായത്തിലെ വി.വി.നഗർ-കൊവ്വൽ-എന്ന സ്ഥലത്ത് ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള കുടിവെള്ള പദ്ധതിയുടെ പമ്പ് ഹൗസ് നിൽക്കുന്ന സ്ഥലം ദേശീയപാതയ്ക്ക് വിട്ടുകൊടുത്തതിനാൽ അടിയന്തിരമായി പമ്പ് ഹൗസ് മാറ്റി സ്ഥാപിക്കേണ്ടി വന്നു. 13.10.2022 ലെ ഭരണസമിതി തീരുമാനം നം.11(22) പ്രകാരം സൗകര്യപ്രദമായ സ്ഥലത്ത് മാറ്റി സ്ഥാപിക്കുവാൻ പെറ്റി വർക്ക് എന്ന നിലയിൽ പ്രവൃത്തി നടത്തുന്നതിന് അസിസ്റ്റന്റ് എഞ്ചിനീയറെ ചുമതലപ്പെടുത്തുകയും മുൻകൂറായി തുക നൽകുന്നതിന് സെക്രട്ടറിയ്ക്ക് നിർദ്ദേശം നൽകുകയും ചെയ്തു. ഉത്തരവ്നം.401119/PWC007/GPO/2023/188/ Dt.31.1.2023 പ്രകാരം 10000/-രൂപ അസിസ്റ്റന്റ് എഞ്ചിനീയർക്ക് തനത് ഫണ്ടിൽ നിന്നും മുൻകൂർ നൽകി (ചെക്ക് നം.671524/31.1.2023). എന്നാൽ തുക ക്രമീകരിച്ചതിന്റെ രേഖകൾ ഓഡിറ്റ് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. അതിനാൽ ചെലവ് തുക 10000/-രൂപ ഓഡിറ്റിൽ തടസ്സത്തിൽ വെക്കുന്നു. (ഓഡിറ്റ് എൻക്വയറി നം.08/22.12.2023).

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

# ഭാഗം -4
# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷനിൽകണക്കുകൾ പരിശോധിച്ച തീയ്യതി | സർട്ടിഫിക്കറ്റ് നമ്പർ/തീയ്യതി |
|---|---|---|
| 2022-23 | 20.12.023 മുതൽ 21.12.2023 വരെ | ഈ റിപ്പോർട്ടിലെ ഖണ്ഡിക 1-1, അനുബന്ധം 1 എന്നിവയിൽ ഓഡിറ്റ് സർട്ടിഫിക്കറ്റ് ഉൾപ്പെടുത്തിയിട്ടുണ്ട് |

## 4-2 സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതംനൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ചതുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2022-23 | 3,06,370 | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക്സ്കോളർഷിപ്പ് ബത്ത നൽകൽ | 3,06,370 | 0 |
| | | 1,61,500 | നെൽകൃഷി വികസനം നെൽവിത്ത് കൂലി ചെലവ്. | 1,61,500 | 0 |
| | | 48,000 | കൈപ്പാട് നെൽകൃഷി വികസന പദ്ധതി | 48,000 | 0 |
| | | 17,000 | പോഷകവാടി പച്ചക്കറി കൃഷി | 17,000 | 0 |
| | | 1,00,000 | പാലിയേറ്റീവ് കെയർ പദ്ധതി | 1,00,000 | 0 |
| | | 5,00,000 | പാലിന് സബ്സിഡി | 5,00,000 | 0 |
| | | 3,00,000 | ലൈഫ് ഭവന പദ്ധതി - (ജനറൽ)- ബ്ലോക്ക് പഞ്ചായത്ത് വിഹിതം വാങ്ങൽ | 3,00,000 | 0 |
| | | 1,10,000 | ലൈഫ് ഭവന പദ്ധതി -(പട്ടികജാതി)- ബ്ലോക്ക് പഞ്ചായത്ത് വിഹിതം വാങ്ങൽ | 1,10,000 | 0 |
| | | 5,20,000 | ലൈഫ് ഭവന പദ്ധതി - (ജനറൽ) | 5,20,000 | 0 |
| | | 2,28,131 | ലൈഫ് ഭവന പദ്ധതി -(പട്ടികജാതി) | 2,28,131 | 0 |
| ജില്ലാ പഞ്ചായത്ത് | 2022-23 | 89,950 | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക്സ്കോളർഷിപ്പ് ബത്ത നൽകൽ | 89,950 | 0 |
| | | 1,00,000 | പാലിയേറ്റീവ് കെയർ പദ്ധതി | 1,00,000 | 0 |
| | | 3,00,000 | പാലിന് സബ്സിഡി | 3,00,000 | 0 |
| | | 1,35,470 | നെൽകൃഷി വികസനം നെൽവിത്ത് കൂലി ചെലവ്. | 1,35,470 | 0 |
| | | 34,000 | പോഷകവാടി പച്ചക്കറി കൃഷി | 34,000 | 0 |
| ജില്ലാപഞ്ചായത്ത് | 2021-22, CFCഫണ്ട് | 10,87,720 | കുളം നവീകരണം, കുട്ടമത്ത്, മുണ്ടക്കണ്ടം കുളങ്ങൾ | 10,87,720 | 0 |

**4-3 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ**

ഇല്ല.

**4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് ക്രമീകരിക്കുവാൻ അവശേഷിക്കുന്നത്**

ഇല്ല.

**4-5 വായ്പാ/വായ്പാ തിരിച്ചടവ്**

ഓഡിറ്റ് വർഷത്തിൽ വായ്പയിനത്തിൽ ലഭിച്ച തുകയുടെ വിവരവും വായ്പയിനത്തിലുള്ള തിരിച്ചടവിന്റെ വിവരവും ചുവടെ കൊടുക്കുന്നു.

| വായ്പയുടെ പേര് / ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തീയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടക്കാൻ ബാക്കിഉണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് ഭവന പദ്ധതി | ജി.ഒ.(എം.എസ്) നമ്പർ 2278 തസ്വഭവ.തീയതി 18.8.2018 | 1,89,90,000 | 1,39,32,000 + 10,10,000 (തൻ വർഷം) = 1,49,42,000 | 18,23,625 | 0 | 1,31,18,375 |

**4-6 സ്ഥിര നിക്ഷേപങ്ങൾ**

ഇല്ല.

**4-7 ഓഡിറ്റ് റിക്കവറി**

ഇല്ല.

**4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം**

ഗ്രാമ പഞ്ചായത്തിന്റെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പു പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1996-97- | 39 | 2000-2001 | Iv-116-എ | ഉപാധി രഹിത ഫണ്ട് -മണ്ണ് നിറയ്ക്കലിന് അധിക നിരക്ക് നല്കിയത് | LF/KSD3/397/14 തി.15-7-2014 കത്ത് പ്രകാരം ഡയറക്ടറേറ്റിലേയ്ക്ക് മറുപടി നല്കിയിട്ടുണ്ട്. സമിതിയിൽ നിന്നും തുടർ നിർദ്ദേശങ്ങൾ പ്രതീക്ഷിക്കുന്നു (LFAC 2006-08, 7 മത് റിപ്പോർട്ട് ഖ.47) |
| 1996-97- | 40 | 2000-2001 | Iv-116-ബി | ഉപാധി രഹിത ഫണ്ട് -മണ്ണ് നിറയ്ക്കലിന് അധിക നിരക്ക് നല്കിയത് | LF/KSD3/397/14 തി.15-7-2014 കത്ത് പ്രകാരം ഡയറക്ടറേറ്റിലേയ്ക്ക് മറുപടി നല്കിയിട്ടുണ്ട്. സമിതിയിൽ നിന്നും തുടർ നിർദ്ദേശങ്ങൾ പ്രതീക്ഷിക്കുന്നു (LFAC 2006-08, 7 മത് റിപ്പോർട്ട് ഖ.52) |
| തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളും ആരോഗ്യ മേഖലയും -അവലോകനം | - | 2012-13 | 3.3.6.20 അനുബന്ധം 6,7,8 | പ്ലാസ്റ്റിക് റിക്കവറി യൂണിറ്റ് പ്രവർത്തന രഹിതം | ഗ്രാമ പഞ്ചായത്ത് ലഭ്യമാക്കിയ മറുപടി പരിശോധിച്ച് തയ്യാറാക്കിയ |

| | | | | | |
|---|---|---|---|---|---|
| 2012-13 | | | | | എം.ഐ.പി 07.01.2023 ന് സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർക്ക് സമർപ്പിച്ചിട്ടുണ്ട്. ലോക്കൽഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി (2021-23) പരിഗണനയിൽ |
| 2013-14 | 3-16 | 2014-15 | 4-1-4 | തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലെ നിഷ്ക്രിയാസ്തികൾ അവലോകനം - ഖരമാലിന്യപ്ലാന്റ് പ്രവർത്തന രഹിതം | ലഭ്യമാക്കിയ മറുപടി പരിശോധിച്ച് നം: കെ..എസ്.എ /കെ.എസ്.ഡി.11 /965/2019. തീ:17-10-2019. പ്രകാരം വസ്തുതാ പരിശോധന റിപ്പോർട്ട് ഹെഡ്ഡോഫീസിലേക്ക് അയച്ചിട്ടുണ്ട്. |
| 2014-15 | 2-1 | 2016-17 | അധ്യായം- 2 അനുബന്ധം-4 | തൊഴിൽ നികുതി പരാമർശങ്ങൾ | നിയമസഭാ സമിതി പരിഗണിച്ചിട്ടില്ല. |

**4-9 ചാർജ്ജ് /സർചാർജ്ജ് നടപടികളുടെ വിവരം**

**എ)** ചാർജ്ജ് നടപടികൾ മുഖേന ഈടാക്കിയ തുക – **ഇല്ല.**
**ബി)** സർചാർജ്ജ് നടപടികൾ മുഖേന ഈടാക്കിയ തുക – **ഇല്ല**.

**4-10 ഓഡിറ്റ് പ്രത്യവലോകനം**

**(എ) സംക്ഷിപ്ത വിവരം**

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 104799001 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 99423051 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 4284659 |

(ബി). **പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

ഇല്ല

**ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-13 | 5595 | ഡോ.പ്രവീൺകുമാർ, മെഡിക്കൽ ഓഫീസർ (അലോപ്പതി) |
| 1-14 (എ) | 25000 | ഡോ.പ്രവീൺകുമാർ, മെഡിക്കൽ ഓഫീസർ (അലോപ്പതി) |
| 1-14 (ബി) | 5100 | ഡോ.പ്രവീൺകുമാർ, മെഡിക്കൽ ഓഫീസർ (അലോപ്പതി) |
| 1-14 (സി) | 80222 | ഡോ.പ്രവീൺകുമാർ, മെഡിക്കൽ ഓഫീസർ (അലോപ്പതി) |
| 1-14 (ഡി) | 5200 | ഡോ.പ്രവീൺകുമാർ, മെഡിക്കൽ ഓഫീസർ (അലോപ്പതി) |
| 1-15 | 268131 | ശ്രീമതി.ഉഷ കെ വി, വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (ചെറുവത്തൂർ സർക്കിൾ) |
| 1-16 | 10538 | ഡോ.മുജീബ് റഹ്മാൻ, മെഡിക്കൽ ഓഫീസർ (ഹോമിയോ) |

| | | |
|---|---|---|
| 1-17 | 140760 | ശ്രീ.വിനോദൻ.കെ.കെ, സെക്രട്ടറി |
| | 234131 | ശ്രീ.വിനയരാജ്.കെ.വി, സെക്രട്ടറി-ഇൻ-ചാർജ്ജ് |
| 1-18 | 1021584 | ശ്രീ.മനോജ്കുമാർ.എ).കെ, സെക്രട്ടറി |
| | 510792 | ശ്രീ.വിനയരാജ്.കെ.വി, സെക്രട്ടറി-ഇൻ-ചാർജ്ജ് |
| | 462706 | ശ്രീ.വിനോദൻ.കെ.കെ, സെക്രട്ടറി |
| 1-19 | 1080500 | ശ്രീ.വിനയരാജ്.കെ.വി, സെക്രട്ടറി-ഇൻ-ചാർജ്ജ് |
| 1-23 | 200000 | ശ്രീ.വിനോദൻ.കെ.കെ, സെക്രട്ടറി |
| 1-24 | 200000 | ശ്രീമതി.നിഷ.ജി, കൃഷി ഓഫീസർ |
| 1-26 | 24400 | ശ്രീ.മനോജ്കുമാർ.എ).കെ, സെക്രട്ടറി |
| 1-27 | 10000 | ശ്രീ.വിനോദൻ.കെ.കെ, സെക്രട്ടറി |
| ആകെ | 4284659 | |

(സി) <u>കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം</u>

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥൻ |
|---|---|---|
| 1-21 | GST- 17,344/- | ശ്രീ.മനോജ്കുമാർ.എ).കെ, സെക്രട്ടറി |
| | IT- 8,672/- | |

(ഡി) <u>നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ</u>

ഖണ്ഡിക നമ്പർ 1-24.

**(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും**

ഇല്ല.

**<u>4-11 തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ</u>**

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 2005-06 | നം.കെ.എസ്.എ).കെ.എസ്.ഡി8/860/2022 (5) തീയതി:29.09.2022 | 1 |
| 2006-07 | നം.കെ.എസ്.എ).കെ.എസ്.ഡി8/860/2022 (6) തീയതി:29.09.2022 | 2 |
| 2007-08 | നം.കെ.എസ്.എ).കെ.എസ്.ഡി8/860/2022 (7) തീയതി:29.09.2022 | 2 |
| 2010-11 | നം.കെ.എസ്.എ).കെ.എസ്.ഡി8/860/2022 (9) തീയതി:29.09.2022 | 1 |
| 2011-12 | നം.കെ.എസ്.എ).കെ.എസ്.ഡി8/860/2022 (10) തീയതി:29.09.2022 | 1 |
| 2014-15 | നം.കെ.എസ്.എ).കെ.എസ്.ഡി8/860/2022 (12) തീയതി:29.09.2022 | 1 |
| 2017-18 | നം.കെ.എസ്.എ).കെ.എസ്.ഡി8/860/2022 (15) തീയതി:29.09.2022 | 3 |
| 2018-19 | നം.കെ.എസ്.എ).കെ.എസ്.ഡി8/860/2022 (16) തീയതി:29.09.2022 | 3 |

| | | |
|---|---|---|
| 2019-20 | നം.കെ.എസ്.എ.കെ.എസ്.ഡി.10/417/2022 തീയതി:31.03.2022 | 14 |
| 2020-21 | നം.കെ.എസ്.എ.കെ.എസ്.ഡി.10/847/2021 തീയതി:31.03.2022 | 22 |
| 2021-22 | നം.കെ.എസ്.എ.കെ.എസ്.ഡി.10/18/2023 തീയതി:28.03.2023 | 18 |

തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ് .

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, കാസറഗോഡ്.

## Annexure-1
## Audit Certificate

i. I have audited the attached Financial statements approved vide resolution number 3/23 dated 22-07-2023 and submitted on 01-08-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03-2023 , with supporting forms, of the Cheruvathur Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.
ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.
iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,
I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Cheruvathur Grama Panchayat for the year 2022-2023

**Date: 27/12/2023** **Deputy Director**

**Kerala State Audit Department**

### Audit Report appended to the Audit Certificate of Cheruvathur Grama Panchayat for the Year 2022-2023.

**1.Major Observations**

Valuation of assets has not been done. The asset register has not been updated. There is no up to date asset data base in the Panchayat. Hence, the accuracy of the assets reflected in the Balance Sheet could not be commented upon.

**2.Other Observations**

1. Basic ratios as per rule 62(f) of the Kerala Panchayat Raj (Accounts) Rules, 2011 are not included in the AnnualFinancial Statements.

2. Undue delay in recording of accrual income of preoperty tax, rent, licence fee and profession tax from traders was seen. The accrual income of these items were found recorded on 31.03.2023 only. The rule 17(2) of Kerala panchayat accounts Rules 2011 were not adhered to.

3. The details of depreciation calculated for the year 2022-23 was not made available to Audit, Hence the accuracy of the same could not be verified.

4. The balance of the following specific purpose funds as per the balance sheet as on 31.032023 do not match with the balance amount in their respective bank accounts.

a. 31100101-Distress relief fund

b. 320200104-CFC Basic Grant + 320200113-CFC Tied Fund.

5. ACR - Annual Financial Statements are inconsistent.

6. Advance register and deposit register are not maintained. Therefore, it was not possible to verify the correctness of the amounts shown in Schedules B7 and B 18 in the balance sheet.

7. The amount recorded as Net increase in cash and cash equivalence in the cash flow statement and the amount recorded as net cash generated by operating + investing + financing activities in the same statement do not match. Therefore, the accuracy of this document is not certified in the audit.

8. The liability amount under the KURDFC Loan is included under two different heads in the balance sheet.
The liablity under the head 330500201- Loan from KURDFC as on 31.03.2023 is Rs.1,32,18,375, whereas the respective asset head (440500101-prepaid program expenses) shows a balance of Rs. 1,49,42,000.

9. Rs.1,00,000 has not been taken into account in the calculations of Life Mission's state share.
10. Details of Rs 2232 included as negative entry in the head Other Deposits 340109901 in Schedule B-7 of the Blance sheet of Annual Financial Statement have not been made available for verification.
11. Details of capital contribution during the year (projects, amounts) was not made available to Audit. Hence, the accuracy of the capital contribution could not be verified.

12. The details of the liabilities as per schedule B4 of the Balance Sheet as on 31.03.2023 were not made available to Audit, hence, the accuracy of liablities shown in schedule B4 could not be verified.

13. The year- end reconciliation statement of the KGB A/c No. -13715 was not prepared and submitted in ILGMS.

14. Rs.4,50,000 received in the National Health Mission Fund was accounted for in a wrong account.

Date:27/12/2023

DEPUTY DIRECTOR
DISTRICT AUDIT OFFICE, KASARAGOD
KERALA STATE AUDIT DEPARTMENT

## അനുബന്ധം-2
## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കാസർഗോഡ് ജില്ലയിലെ ചെറുവത്തൂർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കാസറഗോഡ്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം -3
## ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ്

**Cheruvathur Grama Panchayat**

**INCOME & EXPENDITURE STATEMENT**

For the period from 01-April-2022 to 31-March-2023

| Code.No | Description of Items | Schedule No | Amount |
|---|---|---|---|
| | **INCOME** | | |
| 110000000 | Tax Revenue | I-1 | 10491867.00 |
| 120000000 | Assigned Revenues, Shared Taxes and Compensations (BLOCKED) | I-2 | 0.0 |
| 130000000 | Rental Income from Panchayat / Municipal Properties | I-3 | 3353829.00 |
| 140000000 | Fee & User Charges | I-4 | 1776880.00 |
| 150000000 | Sale & Hire Charges | I-5 | 11179688.00 |
| 160000000 | Revenue Grants, Funds, Contributions & Compensations / Subsidies | I-6 | 177442333.00 |
| 170000000 | Income from Investments | I-7 | 0.0 |
| 171000000 | Interest Earned | I-8 | 1435902.00 |
| 180000000 | Other Income | I-9 | 6850.00 |
| 190000000 | Prior Period Income | I-19 | -1509308.00 |
| | **Total Income** | | **617062047.00** |
| | **EXPENDITURE** | | |
| 210000000 | Establishment Expenses | I-10 | 15541779.00 |
| 220000000 | Administrative Expenses | I-11 | 1470630.00 |
| 230000000 | Operations & Maintenance | I-12 | 2181052.00 |
| 240000000 | Interest & Finance Charges | I-13 | 276569.00 |
| 250000000 | Decentralised Plan Programme-Productive Sector / Programme Expenses | I-14 | 11227625.00 |
| 251000000 | Decentralised Plan Programme-Service Sector | I-14(A) | 29578544.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(B) | 12922384.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | I-14(C) | 73176636.00 |
| 254000000 | Expenditures of Transfered Institutions and State Sponsored Schemes (not included under Decentralized Plan Programme) | I-14(D) | 43315400.00 |
| 255000000 | Maintenance Projects | I-14(E) | 0.0 |
| 256000000 | Other Revenue Grants and Funds - Revenue Expenses | I-14(F) | 1780869.00 |
| 260000000 | Grants, Contributions & Compensation from Own Fund / Subsidies | I-15 | 0.0 |
| 270000000 | Provisions and Write off | I-16 | 0.0 |
| 271000000 | Miscellaneous Expenses on Disposal of Assets and Investments | I-17 | 0. |

| | | | |
|---|---|---|---|
| 272000000 | Depreciation | I-17(A) | 133623.00 |
| | **Total Expenditure** | | **574815333.00** |
| | **Gross Surplus / Deficit of income over Expenditure** | | **42246714.00** |
| | **Gross Surplus / Deficit of income over Expenditure** | | **43469420.00** |
| 290000000 | Transfer to Reserve Funds/Prior Period Item(ILGMS) | I-18 | 286602.00 |
| | **Net Balance being surplus/ deficit carried over to Balance Sheet (Panchayat Fund)** | | **-1222706.00** |

Deputy Director
District Audit Office, Kasaragod.

## അനുബന്ധം - 4
## റസീപ്റ്റ് & പേയ്മെന്റ്

| Cheruvathur Grama Panchayat<br>RECEIPT & PAYMENT STATEMENT | | | |
|---|---|---|---|
| For the period from 01-April-2022 to 31-March-2023 | | | |
| Code.No | Description of Items | ScheduleNo | Amount |
| | **RECEIPTS** | | |
| | **Opening Balance** | | |
| Bank | Bank | RP-40(a) | 52765944.00 |
| Cash | Cash | RP-40(a) | 0.0 |
| | **Operating** | | |
| 110000000 | Tax Revenue | RP-1 | 2443832.00 |
| 130000000 | Rental income from Panchayat Properties | RP-3 | 42994.00 |
| 140000000 | Fees & User Charges | RP-4 | 809791.00 |
| 150000000 | Sale & Hire Charges | RP-5 | 10997605.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 13733819.00 |
| 171000000 | Interest Earned | RP-9 | 1435902.00 |
| 190000000 | Prior Period Income | RP-11 | 100332.00 |
| 311000000 | Earmarked Funds | RP-28 | 4816.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-30 | 61056788.00 |
| 431000000 | Sundry Debtors (Receivables) | RP-45 | 10587752.00 |
| | **Non Operating** | | |
| 180000000 | Other Income | RP-10 | 6850.00 |
| 330000000 | Secured Loans | RP-31 | 1110000.00 |
| 340000000 | Deposits Received | RP-33 | 468708.00 |
| 350000000 | Other Liabilities | RP-35 | 1999812.00 |
| | **Grand total** | | **472694835.00** |
| | **PAYMENTS** | | |
| | **Operating** | | |
| 220000000 | Administrative Expenses | RP-13 | 114149.00 |
| 240000000 | Interest & Finance Charges | RP-15 | 35.00 |
| 311000000 | Earmarked Funds | RP-28 | 35.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-30 | 43550675.00 |
| 415000000 | Annual plan - Capital Expences (Infrastructure Sector) | RP-42 | 361443.00 |
| 431000000 | Sundry Debtors (Receivables) | RP-45 | 1306631.00 |
| 460000000 | Loans, Advances and Deposits | RP-49 | 696052.00 |
| | **Non Operating** | | |
| 340000000 | Deposits Received | RP-33 | 199653.00 |

| | | | |
|---|---|---|---|
| 350000000 | Other Liabilities | RP-35 | 53194378.00 |
| | **Closing Balance** | | |
| Bank | Bank | RP-40(b) | 58035545.00 |
| Cash | Cash | RP-40(b) | 106349.00 |
| | **Grand Total** | | **472694835.00** |

Deputy Director
District Audit Office, Kasaragod.

## അനുബന്ധം - 5
## ബാലൻസ് ഷീറ്റ്

| Cheruvathur Grama Panchayat BALANCE SHEET | | | |
|---|---|---|---|
| As on 31.03.2023 | | | |
| Code.No | Description of Items | ScheduleNo | Amount |
| | **LIABILITIES** | | |
| | **Reserve & Surplus** | | |
| 310000000 | Panchayat / Municipal Fund | B-1 | 45896222.50 |
| 311000000 | Earmarked Funds - Special Funds/Sinking Fund/Trust or Agency Fund | B-2 | 7986.00 |
| 312000000 | Reserves | B-3 | 89082632.00 |
| | **Total Reserve & Surplus** | | **404960521.50** |
| | **Grants, Contributions for Specific Purposes** | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 12347062.00 |
| | **Total Grants, Contributions for Specific Purposes** | | **37041186.00** |
| | **Loans** | | |
| 330000000 | Secured Loans | B-5 | 13218375.00 |
| 331000000 | Unsecured Loans | B-6 | 0.0 |
| | **Total Loans** | | **39655125.00** |
| | **Current Liabilities & Provisions** | | |
| 340000000 | Deposits Received | B-7 | 4037933.00 |
| 341000000 | Deposits Works | B-8 | 0.0 |
| 350000000 | Other Liabilities | B-9 | 3647834.00 |
| 360000000 | Provisions | B-10 | 0.0 |
| | **Total Current Liabilities and Provisions** | | **23057301.00** |
| | **TOTAL LIABILITIES** | | **504714133.50** |
| | **ASSETS** | | |
| | **Fixed Assets** | | |
| 410000000 | Fixed Assets | B-11 | 20400.00 |
| 412000000 | Capital Work in Progress | B-11(b) | 2612822.00 |
| 413000000 | Annual Plan - Capital Expences (Productive Sector) | B11-(c) | 323171.00 |
| 414000000 | Annual Plan - Capital Expences (Service Sector) | B11-(d) | 11144685.00 |
| 415000000 | Annual Plan - Capital Expences (Infrastructure Sector) | B11-(e) | 176280124.00 |
| 416000000 | Accumulated Depreciation | B-11(a) | -105910256.00 |
| | **Total Fixed Assets** | | **253412838.00** |
| | **Investments** | | |
| 420000000 | Investments-General Fund | B-12 | 0.0 |

| | | | |
|---|---|---|---|
| 421000000 | Investments - Other Funds / Sundry Debtors | B-13 | 0.0 |
| | **Total Investments** | | **0.0** |
| | **Current Assets, Loans and Advances** | | |
| 430000000 | Stock-in-hand | B-14 | 0.0 |
| 431000000 | Sundry Debtors (Receivables) | B-15 | 1707102.50 |
| 432000000 | Accumulated Provisions Against Debtors (Receivables) | B-15(a) | 0.0 |
| 440000000 | Pre-paid Expenses | B-16 | 14942000.00 |
| 450000000 | Cash and Bank Balance | B-17 | 58141894.00 |
| 460000000 | Loans, Advances and Deposits | B-18 | 8976102.00 |
| 461000000 | Accumulated Provisions against Loans,Advances and Deposits | B-18(a) | 0.0 |
| | **Total Current Assets, Loans and Advances** | | **251301295.50** |
| | **Other Assets** | | |
| 470000000 | Other Assets | B-19 | 0.0 |
| | **Total Other Assets** | | **0.0** |
| | **Miscellaneous Expenditure (To the Extent not written off)** | | |
| 480000000 | Miscellaneous Expenditure to be written off | B-20 | 0.0 |
| | **Total Miscellaneous Expenditure (To the Extent not written off)** | | **0.0** |
| | **TOTAL ASSETS** | | **504714133.50** |

Deputy Director
District Audit Office, Kasaragod.